بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 8

ലക്കം 35

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ആഗസ്റ്റ് 31/ ഹി.ശം 1402 ളുഹൂർ 31/ ഹി:ഖ 1445 സഫർ 13


## അല്ലാഹുവിന്റെ വചനം

وَالَّذِیۡنَ اٰمَنُوۡا بِاللّٰہِ وَرُسُلِہٖ
وَلَمۡ یُفَرِّقُوۡا بَیۡنَ اَحَدٍ مِّنۡہُمۡ
اُولٰٓئِکَ سَوۡفَ یُؤۡتِیۡہِمۡ اُجُوۡرَہُمۡ

(النساء:153)

എന്നാൽ, അല്ലാഹുവിലും അവന്റെ (എല്ലാ)ദൂതന്മാരിലും വിശ്വസിക്കുകയും (വിശ്വസിക്കുന്ന വിഷയത്തിൽ)അവരിൽനിന്നുള്ള ആരുടെയിടയിലും വ്യത്യാസം കൽപിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് അവരുടെ പ്രതിഫലങ്ങൾ അവൻ തീർച്ചയായും നല്കുന്നതാണ്.(4:153)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്ിരിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

**കടം മാപ്പാക്കുക**

(2418)കഅ്ബ് നിവേദനം. ഇബ്നു അബീഹദ്റദ് കടം വാങ്ങിയ സംഖ്യ പള്ളിയിൽവച്ച് അദ്ദേഹം ആവശ്യപ്പെട്ടു. അങ്ങനെ ഇരുവരും ശബ്ദമുയർത്തി സംസാരിച്ചു. നബി(സ) തിരുമേനി അവരുടെ സംസാരം കേൾക്കുന്നതുവരെ തന്റെ വീട്ടിൽത്തന്നെയായിരുന്നു. ഉടനെ അവിടന്ന് തന്റെ മുറിയുടെ മറ പൊക്കിയിട്ട് പുറത്തുവന്നു. എന്നിട്ട് കഅ്ബിനെ വിളിച്ചു. ഉടനെ അല്ലാഹുവിന്റെ ദൂതരേ! ഞാനിതാ ഹാജർ എന്നു പറഞ്ഞു. അവിടന്ന് ആംഗ്യം കാണിച്ചുകൊണ്ട് നിന്റെ കടത്തിൽനിന്ന് പകുതി വീട്ടിക്കൊടുക്കുക എന്ന് കഅ്ബിനോടു പറഞ്ഞു. കഅ്ബ്ബിൻ മാലിക്ക്(റ)ക്ഷണത്തിൽ പറഞ്ഞു:യാ റസൂലല്ലാഹ് ഞാനിതാ വിട്ടുകൊടുത്തിരിക്കുന്നു. ഇബ്നു അബീഹദ്റദിനോടു നബി(സ)തിരുമേനി പറഞ്ഞു:വേഗംപോയി അദ്ദേഹത്തിന്റെ കടം നീ വീട്ടുക.

**ജമാഅത്തായ നമസ്കാരത്തിന്റെ പ്രാധാന്യം:**

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:ഞാനിപ്രകാരം ഉദ്ദേശിച്ചു. നമസ്കാരം തുടങ്ങുവാൻ കൽപിക്കുക. എന്നിട്ട് നമസ്കാരത്തിന് വരാത്തവരുടെ വീടുകളിൽപോകുക. അവർ ഉള്ളിലിരിക്കെ ഞാൻ വെളിയിൽനിന്ന് അവരുടെ വീടുകൾക്ക് തീ കൊളുത്തുക.(സ്വഹീഹുൽബുഖാരി, വാല്യം 4, കിതാബുൽഖുസ്വൂമാത്ത്, പ്രസാധനം 2008 ഖാദിയാൻ)

മരിച്ചവരോടു സഹായം ചോദിക്കാൻ എവിടേയും പറഞ്ഞിട്ടില്ല. അല്ലാഹുവിനെ പ്രാപിക്കണമെന്നാഗ്രഹിക്കുന്നവർ, എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമായ അല്ലാഹുവിനെ പ്രാപിക്കണമെന്നാഗ്രഹിക്കുന്നവർ ജീവനുള്ളവരെ അന്വേഷിക്കുക. കാരണം നമ്മുടെ ദൈവം ജീവനുള്ള ദൈവമാകുന്നു; മരിച്ചവനല്ല. ആരുടെ ദൈവമാണോ മരിച്ചിട്ടുള്ളത്, ആരുടെ ഗ്രന്ഥമാണോ മരിച്ചിട്ടുള്ളത് അവർ മരിച്ചവരോടു സഹായംതേടുന്നതിൽ എന്തത്ഭുതമാണുള്ളത്?

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**മരിച്ചവരോടു സഹായം ചോദിക്കൽ അനുവദനീയമല്ല.**

പറഞ്ഞതിന്റെയൊക്കെ സംക്ഷിപ്തമിതാണ്. മരിച്ചവരോടു സഹായം ചോദിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹു ഒരിടത്തും പറഞ്ഞിട്ടില്ല. മറിച്ച് ജീവിച്ചിരിക്കുന്നവരെ സംബന്ധിച്ചാണ് പറഞ്ഞിട്ടുള്ളത്. ഇസ്‌ലാമിനെ ജീവനുള്ളവർക്കേൽപിച്ചുകൊണ്ട് അല്ലാഹു വലിയ അനുഗ്രഹം ചെയ്തു. ഇസ്‌ലാമിനെ മരിച്ചവരുടെമേലിട്ടിരുന്നെങ്കിൽ എന്താപത്താണ് വരികയെന്ന് അറിയില്ല. മരിച്ചവരുടെ ഖബ്റുകൾ എവിടെയാണ് കുറവ്? മുൽത്താനിൽ കുറച്ചുവല്ലതുമാണോ ഖബ്റുകളുള്ളത്? ഗർദ് വ ഗർമാ ഗദാ വ ഗൂരിസ്താൻ എന്നത് അതായത് പൊടിയും ചൂടും തമ്മിലുള്ള ബന്ധംപോലെ തന്നെയാണ് മഖാംസംരക്ഷകനും ശവകുടീരവും തമ്മലുള്ള ബന്ധമെന്നത് പ്രസിദ്ധമാണ്. ഞാനുമൊരിക്കൽ മുൽത്താനിൽ പോയി. അവിടെ ആരുടെ ഖബറിൽപോയാലും മഖാംസംരക്ഷകർ മനുഷ്യരെ ചൂഷണം ചെയ്യാൻ ചുറ്റും കൂടുന്നു. പാക്പട്ടണിൽ മരിച്ചവരുടെ അനുഗ്രഹത്താലെന്തൊക്കെയാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് നോക്കുക. അജ്മീരിൽപ്പോയി നോക്കുക. അനാചാരങ്ങളും നൂതന നടപടികളും അരങ്ങുതകർക്കുകയാണ്. ചുരുക്കത്തിൽ മരിച്ചവരെ നോക്കുകയാണെങ്കിൽ അവരുടെ നോട്ടത്തിൽ അനാചാരങ്ങളും നൂതന നടപടികളുമല്ലാതെ ഒന്നുംതന്നെയില്ലെന്ന ഫലത്തിലായിരിക്കുമെത്തുക. അല്ലാഹു സ്വിറാത്വെ മുസ്തഖീം നിശ്ചയിച്ചിട്ടുള്ളത് ജീവിച്ചിരിക്കുന്നവരുടെ വഴിയായിട്ടാണ്, മരിച്ചവരുടെ വഴിയായിട്ടല്ല. അല്ലാഹുവിനെ പ്രാപിക്കണമെന്നാഗ്രഹിക്കുന്നവർ, എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമായ അല്ലാഹുവിനെ പ്രാപിക്കണമെന്നാഗ്രഹിക്കുന്നവർ ജീവനുള്ളവരെ അന്വേഷിക്കുക. കാരണം നമ്മുടെ ദൈവം ജീവനുള്ള ദൈവമാകുന്നു;മരിച്ചവനല്ല. ആരുടെ ദൈവമാണോ മരിച്ചിട്ടുള്ളത്, ആരുടെ ഗ്രന്ഥമാണോ മരിച്ചിട്ടുള്ളത് അവർ മരിച്ചവരോടു സഹായംതേടുന്നതിൽ എന്തത്ഭുതമാണുള്ളത്? പക്ഷേ, ഒരു സത്യവാനായ മുസ്‌ലിം, അയാളുടെ ദൈവം ജീവനുള്ള ദൈവമാണ്, അയാളുടെ നബി ജീവനുള്ള നബിയാണ്, അയാളുടെ ഗ്രന്ഥം ജീവനുള്ള ഗ്രന്ഥമാണ്. ഏതൊരു മതത്തിലാണോ എപ്പോഴും ജിവനുള്ളവരുടെ പരമ്പര മുന്നോട്ടുപോകുകയും എക്കാലത്തും ജീവനുള്ള ഒരു മനുഷ്യൻ അല്ലാഹുവിന്റെ അസ്തിത്വത്തിൽ ജീവസുറ്റ ഈമാനുണ്ടാക്കുന്നതിന് വരികയും ചെയ്യുന്നത് ഈ ജീവനുള്ളവനെ വിട്ടുകൊണ്ട് ദ്രവിച്ച എല്ലുകളേയും ഖബ്റുകളേയും അന്വേഷിച്ച് അലഞ്ഞു നടക്കുന്നത് ആശ്ചര്യകരവും വിസ്മയകരവുമായ കാര്യമാണ്!!!

**ജീവനുള്ളവരുടെ സഹവാസം അന്വേഷിക്കുക**

അതുകൊണ്ട് നിങ്ങൾ ജീവനുള്ളവരുടെ സഹവാസം അന്വേഷിക്കുക. നിരന്തരം അദ്ദേഹത്തിന്റെ അടുത്തുപോയിരിക്കുക. അതേ! നാം ഇതുംകൂടി പറയുകയാണ്, ഒന്നോ രണ്ടോ തവണകൊണ്ട് സ്വാധീനമുണ്ടാകുകയില്ല. നബി(സ)തിരുമേനിയുടെ പരമ്പരയിൽ ഘട്ടം ഘട്ടമായി അഭിവൃദ്ധിയുണ്ടായതുപോലെ ഘട്ടം ഘട്ടമായി അഭിവൃദ്ധിയുണ്ടാകുക എന്നതാണ് അല്ലാഹുവിന്റെ നടപടിക്രമം. ഏതൊരു ജമാഅത്താണോ മിൻഹാജുന്നുബുവ്വത്തിന്റെ അതായത് നുബുവ്വത്തിന്റെ ശ്രേണിയിൽ സ്ഥാപിതമാകുന്നത് അതിലും ഘട്ടംഘട്ടമായിട്ടുള്ള അഭിവൃദ്ധിയുടെ നിയമമായിരിക്കും പ്രവർത്തിക്കുന്നത്. അതുകൊണ്ട് സ്വഹാബിമാരെപ്പോലെ, അവർ കണ്ടത് നിങ്ങളും കാണുന്നതിനും അവർ പ്രാപിച്ചത് നിങ്ങളും പ്രാപിക്കുന്നതിനുംവേണ്ടി നിങ്ങളുടെ തൊഴിൽ വിട്ടുകൊണ്ട് ഇവിടെവന്ന് നിരന്തരവും കുറച്ചുകാലവും സഹവാസത്തിലിരിക്കുക;അബൂബക്റും ഉമറും മറ്റു സ്വഹാബിമാരും റളിയല്ലാഹു അൻഹും പ്രാപിച്ചതുപോലെത്തന്നെ!(മൽഫൂദാത്ത് വാല്യം 1, പേജ് 476, പ്രസാധനം 2018 ഖാദിയാൻ)

നമസ്കാരം തന്റെ റബ്ബിന്റെ സിയാറത്താണ്. ആരാധ്യനെ സിയാറത്ത് ചെയ്യുക എന്നത് ഒരു സമ്മാനമാണ്. ബുദ്ധിമാനായ ഒരു മനുഷ്യനും തന്റെ റബ്ബിനെ സിയാറത്ത് ചെയ്യുന്നത് ശിക്ഷയായി മനസ്സിലാക്കുകയില്ല.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ ബനീഇസ്റാഈലിലെ 80-ാമത്തെ വചനമായ വമിനല്ലയ്‌ലി ഫതഹജ്ജദ് ബിഹീ നാഫിലത്തൻല്ലക്ക അസാ അൻയ്യബ്അഥക്ക റബ്ബുക്ക മഖാമൻമ്മഹ് മൂദാ(നിനക്ക് ഐച്ഛികമായ ഒരു പുണ്യകർമമെന്ന നിലക്ക് രാത്രിയിൽനിന്ന് അല്പസമയം ആ ഖുർആൻകൊണ്ട് നീ ഉറക്കമുണർന്ന് നമസ്കരിക്കുക. നിന്റെ നാഥൻ സ്തുത്യർഹമായ ഒരു സ്ഥാനത്ത് നിന്നെ ഉയർത്തിയേക്കാം) എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:

തഹജ്ജദ് ബിഹീ എന്നതിൽ 'ഹീ'യുടെ സർവനാമം വിശുദ്ധ ഖുർആനിലേക്കാണ് മടങ്ങുന്നത്. ഇതിന്റെ ഉദ്ദേശ്യം ഈ നമസ്കാരത്തിൽ വിശുദ്ധ ഖുർആൻ പാരായണത്തിന് പ്രത്യേകമായ ശക്തി ചെലുത്തണമെന്നാണ്.

തഹജ്ജുദ് എന്നതിന്റെ അർഥം ഉറങ്ങി എഴുന്നേല്ക്കുക എന്നാണ്. അതുകൊണ്ട് തഹജ്ജുദ് നമസ്കാരത്തിനുമുമ്പേ ഉറങ്ങേണ്ടത് നിർബന്ധമാണ്. ആരാണോ രാത്രി മുഴുവൻ ഉണർന്നിരുന്ന് ആരാധാന നടത്തുന്നത് അവർ ആരാധന നടത്തുകയല്ല. ശരീഅത്തിന്റെ ഇച്ഛയെ വൃഥാവിലാക്കുകയാണ്. അത്തരം ആരാധന വി

(ശേഷം പേജ് 12ൽ)






### ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 2023 ജൂലായ് 28 (സമ്പൂർണ തർജമ)

ഓൺലൈൻ കൂടിക്കാഴ്ച ഹുദൂർ അയ്യദഹുല്ലാഹ്

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

ഈ ജൽസയിൽ പങ്കെടുക്കുന്നതിന് നമ്മുടെ ഒരുദ്ദേശ്യമുണ്ട്. നമ്മുടെ ആത്മീയവും വൈജ്ഞാനികവുമായ അവസ്ഥ മെച്ചപ്പെടുത്തുക, ധാർമികപരമായ അവസ്ഥ മെച്ചപ്പെടുത്തുക, അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം നമ്മുടെ മനസ്സിലുണ്ടാക്കുക എന്നതാണത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ ഉന്നതമായ നിലയിൽ നമ്മുടെ പ്രവർത്തകർ നമ്മുടെ ഏർപാടുകളെല്ലാം കൈകാര്യം ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഒരു ഇടവേളയ്ക്കുശേഷമാണ് വളരെ വിശാലമായ നിലയിൽ ജൽസ സംഘടിപ്പിക്കുന്നതെന്നും എവിടെയെങ്കിലും സംഘടനാപ്രവർത്തനത്തിൽ വല്ലകുറവും വെളിപ്പെടുമോ എന്നുമുള്ള ചിന്തയുണ്ട്. നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കാൻ എപ്പോഴും ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അല്ലാഹുവും ഇൻശാഅല്ലാഹ് ഈ ചിന്തകളെ, സംഘാടകരുടെ ഈ ചിന്തകളെ അകറ്റുന്നതായിരിക്കും.

നമ്മുടെ ഈ ജോലി എന്തെങ്കിലും സാമർഥ്യംകൊണ്ടോ അനുഭവജ്ഞാനംകൊണ്ടോ അല്ല അവസാനിക്കുന്നത്. പ്രത്യുത അല്ലാഹുവിന്റെ ഫള്ൽ ഒന്നുകൊണ്ടുമാത്രമാണ് അവസാനിക്കുന്നത്.

നിങ്ങൾ നിങ്ങളെ സേവനത്തിനു സമർപിച്ചത് ഏതൊരു വികാരാവേശത്തോടെയാണോ അത് എപ്പോഴും നിലനിറുത്തിക്കൊണ്ട് എത്ര ദിവസമാണെങ്കിലും ഡ്യൂട്ടികൾ നിറവേറ്റുക. അതിഥികളോടുള്ള സേവനം യഥാർഹം നിറവേറ്റുന്നതിനോടൊപ്പം മറ്റൊരു കാര്യംകൂടി ഓർമിക്കുക, നമുക്ക് ആരാധനകളോടുള്ള കടമകളും നിറവേറ്റേണ്ടതായിട്ടുണ്ട്. സ്വന്തം നമസ്കാരങ്ങളും സംരക്ഷിക്കേണ്ടതുണ്ട്. ഈ അന്തരീക്ഷത്തിൽനിന്ന് എപ്പോഴും ഫലമെടുത്തുകൊണ്ട് നമ്മുടെ ആത്മശുദ്ധീകരണത്തിനും പരിശ്രമിക്കേണ്ടതാണ്.

മർക്കസിന്റെ പല വകുപ്പുകളും ഒരുക്കിയിട്ടുള്ള പ്രദർശനങ്ങളുണ്ട്. മഖ്സനെ തസ്വാവീർ, ഇമേജ് ഗ്യാലറി, റിവ്യു ഓഫ് റിലീജ്യൻസ്, തബ്ലീഗ് എന്നിവയുടെ സ്റ്റാളുകളുമുണ്ട്. ആരവശ്ല പ്രദർശനവുമുണ്ട്. അവ സന്ദർശിക്കുക. ദീനീ വിജ്ഞാനവും ചരിത്രവിജ്ഞാനവും അങ്ങനെ വർധിപ്പിക്കുക.

സൽസ്വഭാവമില്ലെങ്കിൽ പിന്നെ ഒന്നുംതന്നെയില്ല. വെറും പ്രവർത്തകരുടെ സൽപെരുമാറ്റംകൊണ്ട് അന്തരീക്ഷം സമാധാനപൂർണമാകുകയില്ല. എല്ലാവരും ഒരുപോലെ സൽപെരുമറ്റം കാണിക്കേണ്ടതാണ്. സ്ത്രീകളും ഇക്കാര്യം ശ്രദ്ധിക്കുക. പുരുഷന്മാരും ഇക്കാര്യം ശ്രദ്ധിക്കുക.

നമ്മൾ നമ്മുടെ സഹോദരന്മാർക്കാണ് നമ്മളെക്കാൾ കൂടുതൽ പരിഗണന നല്കേണ്ടത്. ഈയൊരു ചിന്ത നമ്മളിലോരോരുത്തരിലും ഉണ്ടായാൽ, മറ്റുള്ളവരോടുള്ള കടമകളും ദൈവപ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടിയാണ് നിറവേറ്റുന്നതെന്ന ചിന്തയുണ്ടായാൽപ്പിന്നെ അത്തരം ഒരു സമൂഹം സ്നേഹസാന്ദ്രമായ സമുദായമായി മാറുന്നതാണ്.

ഈ മൂന്നു ദിവസങ്ങൾ പദ്യങ്ങളാലപിച്ചും സംഘഗാനങ്ങൾ പാടിയും പരസ്പര സ്നേഹാദരങ്ങളുടെ ഗീതം പാടിയും മാത്രം കഴിച്ചുകൂട്ടാതിരിക്കാനും മറിച്ച് ഈ മൂന്നുദിവസംകൊണ്ടു ലഭിക്കുന്ന ശിക്ഷണത്തിന്റെ ഫലമായി സമൂഹത്തിൽ സ്നേഹസാന്ദ്രമായ അവസ്ഥ നിലനിറുത്താനും യഥാർഥ ഇസ്‌ലാമിക സമൂഹത്തെ വാർത്തെടുക്കാനുമുള്ള ഒരു മനോഭാവം അല്ലാഹു നമുക്ക് പ്രദാനം ചെയ്യുമാറാകട്ടെ.

എന്തായാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ അതിഥികൾക്ക് പരമാവധി സംവിധാനമൊരുക്കുക എന്നത് ആതിഥേയരുടെ ബാധ്യതയാണ്. അതിഥികൾക്കും അല്ലാഹു നിസ്സാരമായ പ്രയാസങ്ങൾ സഹിക്കുന്നതിന് മഹത്തായ പ്രതിഫലം നല്കുമാറാകട്ടെ.

ഇന്ന് മുഹർറം പത്തുമാണ്. സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. അല്ലാഹു നബി(സ)തിരുമേനിയുടെ സ്ഥാനമാനങ്ങൾ അത്യുന്നതമാക്കുമാറാകട്ടെ എന്ന ചിന്തയോടെ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. നബി(സ)തിരുമേനിയുടെ സന്ദേശത്തിന് വിജയവും സമ്പൂർണാധിപത്യവും ലഭിക്കുമാറാകട്ടെ. നബി(സ)തിരുമേനിയുടെ ശരീഅത്തിന് സ്ഥിരതയും മഹത്ത്വവും ലഭിക്കുമാറാകട്ടെ. നബി(സ)തിരുമേനി ഉമ്മത്തിനുവേണ്ടിച്ചെയ്ത ദുആകളിൽനിന്ന് നമുക്കും ഗുണമെടുക്കാൻ കഴിയുമാറാകട്ടെ. അല്ലാഹു ഈ ഉമ്മത്തിനെ എല്ലാത്തരം പ്രശ്നങ്ങളിൽനിന്നും അകറ്റുമാറാകട്ടെ.

പുരുഷന്മാരുടെ പന്തലിലും സ്ത്രീകളുടെ പന്തലിലും സുരക്ഷ മുൻനിറുത്തി ചുറ്റുപാടും ദൃഷ്ടിപ്പതിപ്പിക്കേണ്ടതാണ്.

ഈ ദിനങ്ങളിൽ ദൈവസ്മരണയോടൊപ്പം പ്രത്യേകമായും സ്വലാത്ത് ചെല്ലുന്നതിലേക്കും ശ്രദ്ധിക്കുക.

### പ്രവർത്തകർക്കും അതിഥികൾക്കുമുള്ള ഉപദേശങ്ങൾ

**ഖുത്ബ ജുമുഅ 2023 ജൂലായ് 28/1402 വഫാ 28**
**ഹദീഖത്തുൽ മഹ്ദി, ആൾട്ടൺ,ഹാംപഷെയർ യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് യു.കെ.യുടെ ജൽസാസാലാനയ്ക്ക് തുടക്കം കുറിക്കുകയാണ്.

ഇവിടെ ഖിലാഫത്തിന്റെ സാന്നിദ്ധ്യത്തിൽ ജൽസാസാലാന തുടങ്ങിയിട്ട് നാലു ദശകങ്ങൾ പിന്നിട്ടിരിക്കുകയാണ്. വിപുലമായ സംഘാടനം ഉണ്ടാകേണ്ടുതുള്ളതിനാൽ തുടക്കത്തിൽ ഇവിടെയുള്ള ജമാഅത്തിനെ ഒരുപാടുകാര്യങ്ങൾ ഠിപ്പിക്കേണ്ടതായി വന്നിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹറാബിഅ്(റഹ്)സ്വയം താൽപര്യമെടുത്ത് അതിനു വേണ്ടുന്ന മാർഗദർശനങ്ങൾ നല്കുകയുണ്ടായി. റബ്വയിൽനിന്ന് പരിചയസമ്പത്തുള്ളവരെ ഇവിടെ വിളിപ്പിച്ചിട്ട് അവർക്ക് പണികൾ പഠിപ്പിച്ചുകൊടുത്തു. അപ്പോൾ ചൗദ്‌രി ഹമീദുല്ലാഹ് സാഹിബ് ജൽസാസാലാന ഓഫീസറായിരുന്നു. അദ്ദേഹവും ഒരുപാട് സഹായിച്ചു.

1985-ൽ ഇവിടെ ആദ്യത്തെ ജൽസ ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)ന്റെ സാന്നിധ്യത്തിൽ വിജയകരമായി നടന്നു. അതിനുമുമ്പേ 1984-ൽ ജൽസാസാലാന നടന്നിരുന്നുവെങ്കിലും അത് വളരെ ചെറിയ തോതിലായിരുന്നു. വ്യവസ്ഥാപിതമായ നിലയിൽ ജൽസാ ആദ്യം നടന്നത് 1985-ലാണ്. ഏകദേശം 5000 പേർ അതിൽ പങ്കെടുത്തിരുന്നു. അപ്പോഴും സംഘാടകർ വളരെ പരിഭ്രമത്തിലായിരുന്നു. എങ്ങനെ നിയന്ത്രിക്കുമെന്നോർത്ത് എല്ലവരും മനഃപ്രയാസത്തിലായിരുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെ.യിലെ ഖുദ്ദാമിന്റെ ഇജ്തിമായിലും ലജ്നയുടെ ഇജ്തിമായിലുമൊക്കെ അതിനെക്കാൾ എത്രയോ അധികമാളുകൾ പങ്കെടുക്കുന്നു. വളരെ മികച്ച നിലയിൽ ഉപസംഘടനകൾ തങ്ങളുടെ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. അതുകൊണ്ട് യു.കെ. ജമാഅത്ത് വളരെ പരിചയസമ്പത്ത് നേടിക്കഴിഞ്ഞിരിക്കുന്നു. സംഘാടനമികവ് കൈവരിച്ചിരിക്കുന്നു.

ഈ വർഷത്തെ ജൽസ മൂന്നു നാലു വർഷത്തെ ഇടവേളയ്ക്കുശേഷം വിപുലമായ രീതിയിൽ സംഘടിപ്പിക്കപ്പെടുന്നതിനാൽ 40,000-ൽ അധികം ഹാജർനില ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അവർക്കുള്ള സംവിധാനം നല്ല നിലയിൽ നിർവഹിക്കാനാകുമോ എന്ന ചിന്ത സംഘാടകർക്കുമുണ്ട്. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്ക് ശുഭപ്രതീക്ഷയാണുള്ളത്. നമ്മുടെ പ്രവർത്തകർ മികവാർന്ന നിലയിൽ എല്ലാ സംവിധാനങ്ങളും ഒരുക്കുന്നതായിരിക്കും.

മാശാഅല്ലാഹ് ഇപ്പോൾ ഇവിടെ താമസിക്കുന്നവർ അതിന് പ്രാപ്തരായിക്കഴിഞ്ഞിരിക്കുന്നു. മാത്രമല്ല ഇവിടെ ജനിച്ചുവളർന്ന കുട്ടികളും ഇപ്പോൾ യുവതീയുവാക്കളായിരിക്കുന്നു. അല്ലെങ്കിൽ ബുദ്ധിയും ബോധവുമുപയോഗിച്ച് തങ്ങളുടെ പ്രവർത്തനങ്ങൾ ചെയ്യാനുള്ള പക്വപ്രായത്തിലെത്തിയിരിക്കുന്നു. തങ്ങളുടെ ജോലികൾ നല്ലനിലയ്ക്ക് പൂർത്തിയാക്കാനുള്ള പ്രവൃത്തി പരിചയവും അവർക്കുണ്ടായിട്ടുണ്ട്.

ഞാൻ കഴിഞ്ഞ ഞായറാഴ്ച അതുവരെ പ്രവർത്തനം തുടങ്ങിയ വകുപ്പുകളെക്കുറിച്ച് നേരിട്ട് വിലിരുത്തുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ വകുപ്പുകളിലേയും പ്രവർത്തകർ വളരെ സജീവരും അതാതു ജോലിയിൽ നൈപുണ്യമുള്ളവരുമായി എനിക്കു കാണാൻ സാധിച്ചു. അങ്ങനെ ആശങ്കകളൊക്കെ ദൈവനുഗ്രഹത്താൽ ദൂരീകരിക്കപ്പെട്ടു.

ഒരിടവേളയ്ക്കുശേഷം വളരെധികം വിപുലമായ നിലയിൽ ജൽസ സംഘടിപ്പിക്കുന്നതിനാൽ സംഘടനാപരമായ വല്ല വീഴ്ചകളും ഉണ്ടാകുമോ എന്ന സംഘാടകരുടെ ആശങ്കകൾ ഇൻശാഅല്ലാഹ് അല്ലാഹു അകറ്റുന്നതാണ്. അതിനുവേണ്ടി നമ്മൾ ദൈവാനുഗ്രഹങ്ങൾ ആർഷിച്ചെടുക്കുന്നതിന് സദാനേരവും ശ്രദ്ധചെലുത്തണമെന്നു മാത്രം. നമ്മുടെ പ്രവർത്തനങ്ങൾ യഥാവിധി പൂർത്തിയാകുന്നത് നമ്മുടെ എന്തെങ്കിലും കഴിവോ സാമർഥ്യമോ പരിചയസമ്പത്തോകൊണ്ടല്ല. പ്രത്യുത ദൈവാനുഗ്രഹം ഒന്നുകൊണ്ടുമാത്രമാണ് അതെല്ലാം ശരിയായി നടക്കുന്നത്.

കഴിഞ്ഞ ഖുത്ബയിൽ അതിന് ഞാൻ സേവകരോടു സംക്ഷിപ്തമായി പറഞ്ഞ കാര്യം അല്ലാഹുവിന്റേയും അവന്റെ പ്രവാചകന്റേയും(സ) അധ്യാപനങ്ങൾ പ്രാവർത്തികമാക്കിക്കൊണ്ട് കഠിനാധ്വാനം, ഉന്നതധാർമിക ഗുണങ്ങൾ, ദുആകൾ എന്നിവ മുഖേന അല്ലാഹുവിൽനിന്ന് സഹായമർഥിച്ചുകൊണ്ട് സകല പ്രവർത്തകരും മേലധികാരികളും പ്രവർത്തനനിരതരാകണമെന്നായിരുന്നു. അങ്ങനെ ചെയ്താൽ അല്ലാഹു അനുഗ്രഹിക്കുന്നതാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ നിസ്വാർഥമായി സേവിക്കാൻ സ്വയം സമർപിച്ചവരാണ്. അതിഥികളാകട്ടെ ഇവിടെ ദീനീപരമായ ഉദ്ദേശ്യത്തോടെ മാത്രം വന്നിട്ടുള്ളവരുമാണ്. ഞാൻ വീണ്ടും പ്രവർത്തകരോടു പറയുകയാണ്:നിങ്ങൾ നിങ്ങളെ സേവനത്തിനു സമർപിച്ചത് ഏതൊരു വികാരാവേശത്തോടെയാണോ അത് എപ്പോഴും നിലനിറുത്തിക്കൊണ്ട് എത്ര ദിവസമാണെങ്കിലും ഡ്യൂട്ടികൾ നിറവേറ്റുക. അതിഥികളോടുള്ള സേവനം യഥാർഹം നിറവേറ്റുന്നതിനോടൊപ്പം മറ്റൊരു കാര്യംകൂടി ഓർമിക്കുക, നമുക്ക് ആരാധനകളോടുള്ള കടമകളും നിറവേറ്റേണ്ടതായിട്ടുണ്ട്. സ്വന്തം നമസ്കാരങ്ങളും സംരക്ഷിക്കേണ്ടതുണ്ട്. ഈ അന്തരീക്ഷത്തിൽനിന്ന് എപ്പോഴും ഫലമെടുത്തുകൊണ്ട് നമ്മുടെ ആത്മശുദ്ധീകരണത്തിനും പരിശ്രമിക്കേണ്ടതാണ്.

ഡ്യൂട്ടികളോടുള്ള കടമനിറവേറ്റിക്കൊണ്ട് തങ്ങളുടെ ലക്ഷ്യങ്ങൾ പൂർത്തിയാക്കാമെന്ന് ധരിക്കരുത്. ആരാധനകളനുഷ്ഠിക്കാതെ നമുക്ക് ലക്ഷ്യം നേടാൻ കഴിയുകയില്ല. അതിനാൽ ഡ്യൂട്ടികൾ നിർവഹിക്കുന്ന കുട്ടികളും മുതിർന്നവരും സ്ത്രീ പുരുഷന്മാരുമെല്ലാം ആരാധനളോടുള്ള കടമകൾ നിറവേറ്റാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇനി ഞാൻ ഇവിടെ ജൽസയിൽ വന്നിട്ടുള്ള അതിഥികളോടും ചില കാര്യങ്ങൾ പറയാനാഗ്രഹിക്കുന്നു. ജൽസയിൽ പങ്കെടുക്കുന്ന ഓരോരുത്തരും എപ്പോഴും മുന്നിൽ വെക്കേണ്ട കാര്യമിതാണ്, ഞാൻ പറയുന്ന കാര്യങ്ങൾ ഒരു പതിവു പറച്ചിലെന്നപോലെ കണക്കാക്കി ഞാൻ പറഞ്ഞു, നിങ്ങൾ കേട്ടു അത്രമതി എന്ന നില സ്വീകരിക്കരുത്. അത്രമാത്രംപോര. അതു നടപ്പിൽ വരുത്തേണ്ടതുണ്ട്.

ഏറ്റവും പ്രഥമപ്രധാനമായ കാര്യമിതാണ്, ഇവിടെ ജൽസയിൽ പങ്കെടുക്കാൻ എത്തിച്ചേർന്ന എല്ലാവരും ഹദ്ത്ത് മസീഹ് മൗഊദ്(അ)ന്റെ ഇനി പ്പറയുന്ന വാക്കുകൾ എപ്പോഴും ഓർത്തിരിക്കണം. 'ഈ ജൽസ ഭൗതികമായ മേളയല്ല.'(ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ വാള്യം 6 പേജ് 395)

ഈ ജൽസയിൽ പങ്കെടുക്കുന്നതിന് നമുക്കൊരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യമെന്നത് നമ്മുടെ ആത്മീയാവസ്ഥയേയും വൈജ്ഞാനികാവസ്ഥയേയും ധാർമികാവസ്ഥയേയും മെച്ചപ്പെടുത്തുക എന്നതാണ്. അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം നമ്മുടെ ഹൃദയത്തിലുണ്ടാക്കുക എന്നതാണ്.

ഈയൊരു ചിന്താഗതി ഉണ്ടായാൽപ്പിന്നെ ലൗകിക കാര്യങ്ങളിൽ ശ്രദ്ധ ഉണ്ടാകുകയില്ല. ലൗകിക കാര്യങ്ങളിൽ ശ്രദ്ധയില്ലാതിരുന്നാൽ സംഘടനാപരമായി വല്ല കുറവുണ്ടായാലും അതിഥികൾക്ക് അതനുഭവപ്പെടുകയില്ല. അതുപോലെ ആതിഥേയരുടെ ഭാഗത്തുനിന്നോ ജൽസയുടെ സംഘാടകരുടെ ഭാഗത്തുനിന്നോ വല്ല പോരായ്മകളുണ്ടായാലും തങ്ങൾക്കൊരു പ്രശ്നവുമില്ലെന്നായിരിക്കും അവർ ചിന്തിക്കുക. തങ്ങളുടെ ലക്ഷ്യം ആത്മീയവും വൈജ്ഞാനികവുമായ അവസ്ഥ മെച്ചപ്പെടുത്തുകയാണ്. അത് തങ്ങൾക്ക് ജൽസാപരിപാടികളിൽനിന്നും പ്രഭാഷണങ്ങളിൽ നിന്നും വേണ്ടുവോളം ലഭിക്കുന്നുമുണ്ട്.

അതുകൊണ്ട് ആദ്യത്തെ കാര്യം ജൽസയിൽ പങ്കെടുക്കുന്ന ഓരോരുത്തരും ഒരു കാര്യം നല്ലവണ്ണമുറപ്പിക്കുക, ജൽസയുടെ നേരത്ത് ജൽസാപരിപാടികൾ മുഴുവനും നല്ലവണ്ണം ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ ജൽസാപരിപാടികൾക്കിടയിൽ ഭക്ഷണം, നമസ്കാരം, സുഹൃത്തുക്കളെ കാണൽ എന്നിവയ്ക്കുവേണ്ടി ലഭിക്കുന്ന ഇടവേളകളും നല്ലവണ്ണം പ്രയോജനപ്പെടുത്തേണ്ടതാണ്. അതിനുശേഷവും സമയമുണ്ടെങ്കിൽ വെറും ഷോപ്പിംങ്ങിനായി കറങ്ങി നടക്കാതെ ജമാഅത്തിന്റെ ഇശാഅത്തു വിഭാഗം ഒരുക്കിയിട്ടുള്ള ബുക്സ്റ്റാളുകൾ സന്ദർശിക്കുക. അതുപോലെ മർക്കസിന്റെ പല വകുപ്പുകളും ഒരുക്കിയിട്ടുള്ള പ്രദർശനങ്ങളുണ്ട്. മഖ്സനെ തസ്വാവീർ, ഇമേജ് ഗ്യാലറി, റിവ്യൂ ഓഫ് റിലീജ്യൻസ്, തബ്ലീഗ് എന്നിവയുടെ സ്റ്റാളുകളുമുണ്ട്. ആരവശ്ല പ്രദർശനവുമുണ്ട്. അവ സന്ദർശിക്കുക. ദീനീ വിജ്ഞാനവും ചരിത്രവിജ്ഞാനവും അങ്ങനെ വർധിപ്പിക്കുക.

ചുരുക്കത്തിൽ ഇപ്രകാരം എല്ലാവിധ ഭൗതിക കെട്ടുപാടുകളിൽനിന്നും വിട്ടകന്ന് കേവലം ദീനീപരവും വൈജ്ഞാനികപരവുമായി അഭിവൃദ്ധിപ്പെടുന്നതിന് ശ്രമിക്കുക. അങ്ങനെയായാൽ പരസ്പര സ്നേഹവും പരസ്പര ബന്ധവും അഭിവൃദ്ധിപ്പെടുന്നതായിരിക്കും. അതുപോലെ സംഘാടകരുടേയും ആതിഥേയരുടേയും ഭാഗത്തുനിന്ന് എന്തെങ്കിലും അസൗകര്യമുണ്ടായാൽത്തന്നെയും അത് ശ്രദ്ധിക്കപ്പെടുകയില്ല. അപ്രകാരം യഥാർഥ വിശ്വാസിവൃന്ദത്തിന്റെ സുന്ദരമായൊരു അന്തരീക്ഷം ഉടലെടുക്കുന്നതാണ്. അതില്ലെങ്കിൽ ജൽസയുടെ ലക്ഷ്യമായ അത്തരമൊരു അന്തരീക്ഷം നമുക്ക് ഉണ്ടാക്കാൻ സാധിക്കുന്നതല്ല. ഇനി ന്യൂനതകൾ അന്വേഷിക്കാനും പരാതികളുന്നയിക്കാനും ശ്രമിച്ചാൽ ഇത്രയും വലിയ താൽക്കാലിക സംവിധാനത്തിൽ ഡസൻക്കണക്കിന് പരാതികൾ ഉയരുന്നതാണ്. ഗ്ല്യൂലരശേീ സാധ്യമാകുകയില്ലതാനും. ഒരുപാട് കുറ്റങ്ങളും കുറവുകളും കാണാൻ കഴിയുന്നതുമാണ്. അവ അസ്വസ്ഥതകൾക്ക് വഴിവെക്കുന്നതുമായിരിക്കും. ഉദാഹരണത്തിന് ഭക്ഷണവിതരണത്തിനുള്ള ഏർപാടുണ്ട്. അതിഥികൾക്ക് സാധ്യമാകുന്നിടത്തോളം ഭക്ഷണ സൗകര്യമേർപ്പെടുത്താനാണ് എപ്പോഴും ശ്രമിക്കാറുള്ളത്. കറികളൊന്നും കുറഞ്ഞുപോകാതിരിക്കാനും അതുപോലെ ഭക്ഷണവിതരണത്തിന് ഡ്യൂട്ടിയിലുള്ളവർ അതിഥികളോടു സൽപെരുമാറ്റം കാഴ്ചവെച്ച് അവരെ സേവിക്കാനും ശ്രമിക്കുന്നു. ചിലപ്പോൾ കണക്കുകൂട്ടലുകളിൽ ഏറ്റക്കുറച്ചിലുകൾ സംഭവിക്കാം. ശരിയാംവണ്ണം ഭക്ഷണം തികയാതെ വരാം. അത്തരം സന്ദർഭത്തിൽ ഒരു തരത്തിലുള്ള ദ്വേഷവും പ്രകടിപ്പിക്കാതെ സസന്തോഷം പ്രവർത്തകരുടെ ക്ഷമാപണം സ്വീകരിക്കുക.

അത്തരം സാഹചര്യങ്ങൾ വരമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)എന്തു മാതൃകയാണ് നമുക്കുമുമ്പിൽ സ്ഥാപിച്ചിട്ടുള്ളതെന്ന് ആ മഹാത്മാവിന്റെ ജീവിതചരിത്രത്തിൽനിന്നുള്ള ഒരു സംഭവത്തിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. അതിപ്രകാരമാണ്:

'ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിക്കൽ യാത്രയിലായിരുന്നു. അവിടന്ന് ജോലിയിൽ വ്യാപൃതനായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് രാത്രി ഭക്ഷണം നല്കിയപ്പോൾ അതിഥികൾക്ക് ഭക്ഷണം വിതരണം ചെയ്ത സമയത്ത് അദ്ദേഹം കഴിച്ചില്ല. ജോലിക്കാർ ഭക്ഷണം എടുത്തുവെച്ചിട്ടുണ്ടാകും. അല്പം കഴിഞ്ഞ് തിന്നിട്ടുണ്ടോ എന്നു നോക്കാതെ തിരിച്ചെടുത്ത് കൊണ്ടുപോയതുമാകാം. ആ മഹാത്മാവ് ഭക്ഷണം കഴിച്ചിട്ടുണ്ടോ എന്ന കാര്യം സംഘാടകരും ശ്രദ്ധിച്ചുകാണില്ല. അദ്ദേഹം ജോലിത്തിരക്കിലായിരുന്നത് മനസ്സിലാക്കിയിട്ടുമുണ്ടാവില്ല. ഏതായാലും രാത്രി വൈകിയപ്പോൾ അദ്ദേഹത്തിന് വിശക്കാൻ തുടങ്ങി. ഭക്ഷണമില്ലേ? എന്നു ചോദിച്ചപ്പോൾ സംഘാടകരുടെ കൈകാലുകൾ വിറയ്ക്കാൻ തുടങ്ങി. എല്ലാവരും അസ്വസ്ഥരായി. അവിടെ വന്ന എല്ലാവരും ജോലിക്കാരുമെല്ലാം ഭക്ഷണം കഴിച്ചു കഴിഞ്ഞിരുന്നു. അപ്പോൾ അവിടെ ഒന്നുംതന്നെ ബാക്കിയുണ്ടായിരുന്നില്ല. രാത്രി വൈകിയിരുന്നു. മാർക്കറ്റെല്ലാം അടച്ചു കഴിഞ്ഞിരുന്നു. ഏതെങ്കി

ലും ഹോട്ടലിൽനിന്ന് വരുത്തിക്കാമെന്നു വെച്ചാൽ അതും സാധ്യമായിരുന്നില്ല. ഏതായിരുന്നാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഭക്ഷണം തീർന്നിരിക്കുന്നു വെന്ന വിവരം എങ്ങനെയോ മനസ്സിലായി. അതുപോലെതന്നെ ഏതുവിധേനയും തൽക്ഷണം ഭക്ഷണം തയ്യാറാക്കാനുള്ള ഏർപ്പാടിന്റെ കാര്യത്തിൽ സംഘാടകരും അങ്കലാപ്പിലായിരുന്നു. കാര്യം അറിഞ്ഞപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'വിഷമിക്കേണ്ട ഒരു കാര്യവുമില്ല. തീൻമേശയിൽ മിച്ചംവന്ന റൊട്ടിക്കഷണങ്ങളുണ്ടാകും. അതുകൊണ്ടുവരിക.' അങ്ങനെ അദ്ദേഹം അതിൽനിന്ന് അല്പം കഴിക്കുകയും സംഘാടകർക്ക് തൃപ്തിവരുത്തുകയും ചെയ്തു.

നിവേദകൻ പറയുന്നു:ഹുദൂർ ആ സമയത്ത് ഭക്ഷണമുണ്ടാക്കാൻ പറഞ്ഞിരുന്നെങ്കിൽ അതു ഞങ്ങൾക്ക് അഭിമാനമാകുമായിരുന്നു. സേവനത്തിനുള്ള അവസരം കിട്ടിയതിൽ ഞങ്ങൾ അഭിമാനിക്കുമായിരുന്നു. അതിൽ ബർക്കത്തുണ്ടാകുമായിരുന്നു. എന്നാൽ, ഹുദൂർ ഞങ്ങളുടെ ബുദ്ധിമുട്ട് മനസ്സിലാക്കി അതിന്റെ ആവശ്യമില്ലെന്ന് പറഞ്ഞ് ഞങ്ങളെ തടഞ്ഞു.(സീറത്ത് മസീഹ് മൗഊദ്(അ), യഅ്ഖൂബ് അലി സാഹിബ് യിർഫാനീ, പേജ് 322, 2018 പതിപ്പ്)നമ്മൾ എപ്പോഴും മുമ്പിൽവെക്കേണ്ട മാതൃകയാണിത്.

ഭക്ഷണത്തിന് നിശ്ചിത സമയത്തെത്താൻ സാധിച്ചില്ലെങ്കിൽ ബഹളമുണ്ടാക്കാനൊന്നും നിൽക്കരുത്. കിട്ടുന്നത് തിന്നുക. ചിലപ്പോൾ കറി തീർന്നാൽ അതിഥികളാരും പട്ടിണികിടക്കാതിരിക്കാൻ പരിപ്പുകറി വെക്കാറുണ്ട്. കാരണം അത് എളുപ്പത്തിലും വേഗത്തിലും ഉണ്ടാക്കാനാകും. അതിഥികൾ സന്തോഷത്തോടെ അതു കഴിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നമുക്ക് നല്കിയ മറ്റൊരുപാഠം റൊട്ടി പാഴാക്കിക്കളയരുതെന്നതാണ്. ആളുകൾ റൊട്ടിക്കഷണങ്ങൾ ഉപേക്ഷിച്ചിടുന്നത് അദ്ദേഹത്തിന്നറിയാമായിരുന്നു. അതുകൊണ്ടാണ് അതുതന്നെ കൊണ്ടുവരിക, താൻ കഴിച്ചുകൊള്ളാമെന്ന് പറഞ്ഞത്. ഈ സന്ദർഭത്തിലും എനിക്ക് അതിഥികളോടു അതുതന്നെയാണ് പറയാനുള്ളത്. റൊട്ടി നല്ലവണ്ണം വേവിക്കാനാണ് പാചകക്കാർ ശ്രമിക്കാറുള്ളത്. ചില സമയത്ത് കുറച്ചുഭാഗം വേവാതിരുന്നാൽ അല്ലെങ്കിൽ കരിഞ്ഞാൽ ഒഴിച്ചുകൂടാനാകാത്ത അവസ്ഥയിൽ അത് മാറ്റിവെക്കാവുന്നതാണ്. എന്നാൽ, പൊതുവെ അതു പാടില്ല. അൽപമെന്തെങ്കിലും ഏറ്റക്കുറച്ചിലുകളുണ്ടായാൽ റൊട്ടി പാഴാക്കിക്കളയാൻ പാടില്ല. ഇവിടെ റൊട്ടിപ്ലാന്റ് പ്രവർത്തിക്കന്നുണ്ട്. ഒരുപാടു സമയം ചെലവഴിച്ച് അത്യധ്വാനത്തോടെയാണ് പ്രവർത്തകർ ജോലി ചെയ്യുന്നത്. വർഷന്തോറും മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലുമൊക്കെ പുതിയ ശാസ്ത്രീലാലിഭ ചെയ്യാറുമുണ്ട്.

ഇക്കാര്യം അതിഥികൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇവിടെ ഭക്ഷണം പാകം ചെയ്യുന്നവരും റൊട്ടി തയ്യാറാക്കുന്നവരും ഇതുമായി ബന്ധപ്പെട്ടവരല്ല. പ്രത്യുത വാളണ്ടിയർമാരാണ്. ജീവിതത്തിന്റെ വ്യത്യസ്ത തുറകളുമായി ബന്ധമുള്ളവരാണ്. അതുകൊണ്ട് അവരുടെ ആത്മാർഥവും ആവേശപൂർണവുമായ സേവനത്തെ എപ്പോഴും അഭിനന്ദിക്കേണ്ടതാണ്.

ഉന്നതമായ ധാർമികഗുണങ്ങൾ പ്രകടിപ്പിക്കുന്നതും സൽപ്പെരുമാറ്റം കാഴ്ചവെക്കുന്നതും പരസ്പരം മന്ദസ്മിതത്തോടെ പെരുമാറുന്നതും മറ്റുള്ളവർക്കായി ത്യാഗങ്ങൾ ചെയ്യുന്നതും പ്രവർത്തകരുടെ മാത്രം ജോലിയല്ല. പ്രത്യുത അതിഥികളും അക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

സൽസ്വഭാവമില്ലെങ്കിൽ പിന്നെ ഒന്നുംതന്നെയില്ല. വെറും പ്രവർത്തകരുടെ സൽപെരുമാറ്റംകൊണ്ട് അന്തരീക്ഷം സമാധാനപൂർണമാകുകയില്ല. എല്ലാവരും ഒരുപോലെ സൽപെരുമറ്റം കാണിക്കേണ്ടതാണ്. സ്ത്രീകളും ഇക്കാര്യം ശ്രദ്ധിക്കുക. പുരുഷന്മാരും ഇക്കാര്യം ശ്രദ്ധിക്കുക.

പുഞ്ചിരിക്കുന്നത് ഈമാനിന്റെ ഭാഗമാണെന്ന് ഞാൻ ഹദീഥിന്റെ വെളിച്ചത്തിൽ കഴിഞ്ഞ തവണ പറഞ്ഞിരുന്നു. പുഞ്ചിരിതൂകുന്നത് സ്വദഖയാണ്.(ജാമിഉത്തുർമിദി, അബ്വാബുൽ ബിർറി വസ്സ്വില ഹദീഥ് 1956) അതിനാൽ അക്കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്.

ജൽസയുമായി ബന്ധപ്പെട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉൽക്കൃഷ്ട സ്വഭാവമാതൃക കാഴ്ചവെക്കുന്നതു സംബന്ധിച്ച് ഉപദേശിച്ചതും അതിഥികളോടു ഉപദേശിച്ചതും അവരെന്തുനിലവാരം സ്വായത്തമാക്കണമെന്നത് നമുക്ക് അദ്ദേഹത്തിന്റെ വാക്കുകളിൽത്തന്നെ കേൾക്കാം. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ഞാൻ സത്യം സത്യമായും പറയുന്നു, തന്റെ സൗഖ്യത്തെക്കാൾ തന്റെ സഹോദരന്റെ സൗഖ്യത്തിന് കഴിവിന്റെ പരമാവധി മുൻതൂക്കം നല്കാത്തിടത്തോളം മനുഷ്യന്റെ ഈമാനൊരിക്കലും ശരിയാകുകയില്ല. എന്റെ ഒരു സഹോദരൻ എന്റെ മുമ്പിൽ തന്റെ ക്ഷീണവും രോഗവുമുണ്ടായിരുന്നിട്ടും തറയിൽ ഉറങ്ങുകയും ഞാൻ ആരോഗ്യവാനും സൗഖ്യവാനുമായിരുന്നിട്ടും അയാൾ കട്ടിലിൽ ഇരി ക്കാതിരിക്കാൻ ഞാനത് പിടിച്ചെടക്കുകയുമാണെങ്കിൽ എന്റെ അവസ്ഥയിൽ അഹോ കഷ്ടം!ഞാനെഴുന്നേറ്റുകൊടുക്കാതിരിക്കുകയും സ്നേഹത്തിന്റേയും സഹതാപത്തിന്റേയും വഴി സ്വീകരിച്ച് എന്റെ കട്ടിൽ അവനു വിട്ടുകൊടുക്കാതിരിക്കുകയും എനിക്കുറങ്ങാൻ തറ ഇഷ്ടപ്പെടാതിരിക്കുകയുമാണെങ്കിൽ എന്റെ അവസ്ഥയിൽ അഹോ കഷ്ടം! എന്റെ സഹോദരൻ രോഗിയാവുകയും ഏതെങ്കിലും തരത്തിലുള്ള വേദനകൊണ്ട് പുളയുകയും അവനുവേണ്ടി എനിക്കു കഴിയാവുന്ന ആശ്വാസത്തിനുള്ള എന്തെങ്കിലും മാർഗം സ്വീകരിക്കാതെ ഞാൻ സുഖമായി കിടന്നുറങ്ങുകയുണെങ്കിൽ എന്റെ അവസ്ഥയിൽ അഹോ കഷ്ടം! എന്റെ ദീനീസഹോദരൻ എന്നോടു തന്റെ ശരീരേച്ഛയ്ക്കടിപ്പെട്ട് കയർത്തുസംസാരിക്കുകയാണെങ്കിൽ എന്റെ അവസ്ഥയിൽ അഹോ കഷ്ടം! (ഈ ജൽസയുടെ നല്ല അന്തരീക്ഷത്തിന് ഇക്കാര്യവും വളരെ അനിവാര്യമാണ്). കയർത്തുസംസാരിക്കുകയും ഞാനും അവനോടു അതേ രീതിയിൽ പെരുമാറുകയുമാണെങ്കിൽ എന്റെ അവസ്ഥയിൽ അഹോ കഷ്ടം! പ്രത്യുത ഞാൻ ചെയ്യേണ്ടിയിരുന്നത് അവന്റെ വാക്കുകൾകേട്ട് ക്ഷമകൈക്കൊള്ളുകയും നമസ്കാരത്തിൽ അവനുവേണ്ടി ദുആ ചെയ്യുകയുമായിരുന്നു. കാരണം അവൻ എന്റെ സഹോദരനാണ്. ആത്മീയമായ നിലയിൽ രോഗിയാണ്. എന്റെ സഹോദരൻ സാധാരണക്കാരനും അറിവില്ലാത്തവനുമായി തിന്മയത്വം കാരണം എന്തെങ്കിലും തെറ്റുചെയ്യുകയാണെങ്കിൽ ഞാൻ അവനെ പരിഹസിക്കുകയോ ദ്വേഷപ്പെട്ട് അവനോടു കയർക്കുകയോ ദുരുദ്ദേശ്യത്തോടെ അവന്റെ ദൂഷണം പറയുകയോ ചെയ്താൽ എന്റെ കാര്യം അഹോ കഷ്ടം! കാരണം ഇതെല്ലാം നാശത്തിലേക്കുള്ള വഴികളാകുന്നു.

മനസ്സ് സൗമ്യശീലമുള്ളതാകാത്തിടത്തോളം, എല്ലാവരെക്കാളും തന്നെ താണവനാണെന്ന് കാണാത്തിത്തോളം ഒരു തരത്തിലുള്ള അഹങ്കാരവും അവശേഷിക്കാത്തിടത്തോളം ആരും സത്യവിശ്വാസിയാകുന്നതല്ല. ജനസേവകനാകുന്നതാണ് ജനനേതാവ് ആകുന്നതിന്റെ ലക്ഷണം. ദരിദ്രരോടു സൗമ്യമായും എളിമയോടുംകൂടി സംസാരിക്കുന്നത് ദൈവസ്വീകാര്യൻ ആകുന്നതിന്റെ ലക്ഷണമാകുന്നു. തിന്മയ്ക്കു നന്മകൊണ്ടു മറുപടി പറയുന്നത് സൗഭാഗ്യത്തിന്റെ ലക്ഷണമാകുന്നു. കോപത്തെ കടിച്ചിറക്കുന്നതും ഇഷ്ടപ്പെടാത്ത വാക്കുകൾ കുടിച്ചിറക്കുന്നതും അങ്ങേയറ്റത്തെ പൗരുഷമാണ്.'(ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ വാള്യ 6, പേജ് 395-396)

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ അനുയായികൾക്ക് നല്കിയ പൊതുവായിട്ടുള്ള ഉപദേശങ്ങളാണിത്. എല്ലാ സമയത്തും പൊതുവായും ജൽസയുടെ നാളുകളിൽ പ്രത്യേകിച്ചും ധാരാളമായി പ്രദർശിപ്പിക്കേണ്ട അടിസ്ഥാന സ്വഭാവങ്ങളാണിത്. നമ്മൾ ഈ മൂന്നു ദിവസവും ഇപ്രകാരം പ്രവർത്തിക്കുന്ന പക്ഷം അതിന്റെ ഫലമായി എന്തെങ്കിലും സൗശീലമുണ്ടാകുന്നതാണ്. ദൈനംദിന ജീവിതത്തിൽ പിന്നീട് നമുക്കത് പ്രാവർത്തികമാക്കാനാകുന്നതാണ്. അതിനുള്ള നിബന്ധനയെന്താണെന്നുവച്ചാൽ നമ്മൾ ജൽസയിൽ പങ്കെടുക്കുന്നത് നമ്മുടെ ആത്മീയവും ധാർമികവുമായ സംസ്കരണത്തിനുവേണ്ടിയാണെന്ന ചിന്ത എപ്പോഴുമുണ്ടായിരിക്കണം. ഈ ചിന്താഗതി സ്ഥിരമായിട്ടുണ്ടായാൽ ഒരു സുന്ദരമായ സമൂഹം വാർത്തെടുക്കാൻ കഴിയും. മറ്റുള്ളവരോടുള്ള കടമകൾ നിറവേറ്റാൻ അതു നമ്മുടെ ശ്രദ്ധതിരിക്കും. ഞാൻ ജൽസയിലെന്തുപഠിക്കാനാണ് പോയത്, എന്ന ഓർമ ഉണ്ടായിരിക്കണം. തനിക്കുമേൽ തന്റെ സഹോദരന് മുൻതൂക്കം നല്കുന്നത് നിസ്സാരസംഗതിയല്ല. വളരെ അധ്വാനം ആവശ്യപ്പെടുന്ന ഒന്നാണ്. അതുകൊണ്ടാണ് പറഞ്ഞത് അത് ഈമാനുമായി ബന്ധപ്പെട്ടതാണെന്ന്. ത്യാഗത്തിന്റേയും മറ്റുള്ളവരുടെ അവകാശങ്ങൾ വിട്ടുകൊടുക്കുന്നതിന്റേയും മനോഭാവമില്ലാത്തവരുടെ ഈമാൻതന്നെ ശരിയാകുന്നതല്ല. അല്ലാഹു നിസ്സാരകാര്യം മൂലം വലിയ പ്രതിഫലത്തിന് നമ്മെ അർഹരാക്കുന്നതല്ല. ധാർമികകവും ആത്മീയവുമായ കർമങ്ങളിൽ മുൻകടക്കുന്നവരെയാണ് അവൻ തന്റെ അനന്തമായ അനുഗ്രഹങ്ങൾക്ക് അവകാശികളാക്കുന്നത്. ദൈവദാസരോടുള്ള കടമകൾ നിറവേറ്റുക വളരെ പ്രയാസമേറിയതാണ്. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് ഇപ്രകാരം പറഞ്ഞത്:ചിലപ്പോൾ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റപ്പെട്ടെന്നുവരാം. എന്നാൽ, മനുഷ്യരോടുള്ള കടമകൾ നിർവഹിക്കുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്.(മൽഫൂദാത്ത് വാള്യം 8, പേജ് 19, 1984 പതിപ്പ്)

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**

**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

അതുകൊണ്ട് സകലരും ഇങ്ങനെയൊരു ചിന്ത മുന്നിൽ വെക്കേണ്ടതുണ്ട്. നമ്മൾ നമ്മുടെ സഹോദരന്മാർക്കാണ് നമ്മളെക്കാൾ കൂടുതൽ പരിഗണന നല്കേണ്ടത്. ഈയൊരു ചിന്ത നമ്മളിലോരോരുത്തരിലും ഉണ്ടായാൽ, മറ്റുള്ളവരോടുള്ള കടമകളും ദൈവപ്രീതി കരസ്ഥമാക്കന്നതിനുവേണ്ടിയാണ് നിറവേറ്റുന്നതെന്ന ചിന്തയുണ്ടായാൽ പ്പിന്നെ അത്തരം ഒരു സമൂഹം സ്നേഹസാന്ദ്രമായ സമുദായമായി മാറുന്നതാണ്.

അപ്രകാരം ജൽസയുടെ മൂന്നുദിവസങ്ങളിൽ മാത്രമല്ല ഈ സ്നേഹസാഹോദര ബന്ധം നിലനില്ക്കുക. മറിച്ച് മുഴുവൻ ജീവിതവും സ്നേഹസൗഹാർദങ്ങളുടെ മാതൃകയായി മാറുന്നതാണ്. ആ മഹാത്മാവ് ഒരു പരിശുദ്ധമായ സമൂഹത്തെ വാർത്തെടുക്കുന്നതിന് എത്ര മനോഹരമായ ഉപദേശങ്ങളാണ് നല്കിയിരിക്കുന്നത്. പറയുന്നു, ആരെങ്കിലും കഠിനമായ സംസാരിക്കുമ്പോൾ എന്റെ പ്രതികരണവും മറിച്ചാകാതെ വന്നാൽ എന്റെ കാര്യം കഷ്ടമാണ്.

അവനോടു കഠിനമായി പെരുമാറുന്നതിനു പകരം അവനുവേണ്ടി ഞാൻ ദുആ ചെയ്യുകയാണ് വേണ്ടത്. ഇസ്‌ലാം സ്ഥാപിക്കാനാഗ്രഹിക്കുന്നത് ഇത്തരം ഒരു സമൂഹത്തെയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ശിഷ്യഗണങ്ങളുടെ സമൂഹം ഇങ്ങനെയായിരിക്കണമെന്നാണ് ആഗ്രഹിച്ചിരുന്നത്.അദ്ദേഹം എത്ര മനോഹരമായിട്ടുള്ള കാര്യമാണ് പറഞ്ഞിട്ടുള്ളത്. ആരിലെങ്കിലും ചില തിന്മകൾ കാണപ്പെടുന്നുണ്ടെങ്കിൽ അവർ ആത്മീയമായി രോഗികളാണ്. അവർക്ക് ചികിത്സ ചെയ്യുകയോ അതിന് സാഹചര്യമൊരുക്കുകയോ ചെയ്യേണ്ടത് എന്റെ കടമയാണ്. ഇക്കാര്യം കേവലം മറ്റുള്ളവരുടെ പരിഷ്കരണത്തിന് മാത്രമല്ല, പ്രത്യുത ആത്മസംസ്കരണത്തിനുവേണ്ടി കൂടെയുള്ളതാണ്. എന്നല്ല മറ്റുള്ളവരെ അപേക്ഷിച്ച് സ്വയം സംസ്കരിക്കപ്പെടാൻവേണ്ടിയുള്ളതാണ്. മറ്റുള്ളവരുടെ ആത്മീയ രോഗത്തിന് ചികിത്സ നല്കണമെങ്കിൽ ഒരുവൻ സ്വയം ആ രോഗത്തിൽ നിന്ന് മുക്തനായിരിക്കേണ്ടതുണ്ട്.

ആയതിനാൽ ഇത്തരം രോഗങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് മറ്റുള്ളവരുടെ കുറവുകൾ കണ്ടെത്തുന്നതിൽനിന്ന് വിട്ടുനില്ക്കേണ്ടതുണ്ട്. മറ്റുള്ളവർക്ക് സൗമ്യ ഹൃദയനാകേണ്ടതാണ്. എല്ലാത്തരം അഹങ്കാരങ്ങളും മനസ്സിൽനിന്ന് നീക്കം ചെയ്യേണ്ടതാണ്.

അതുകൊണ്ട് ആതിഥ്യമരുളുന്നവരും ചിന്തിക്കുക. ജൽസയിൽ പങ്കെടുക്കുന്നഎല്ലാവരും വളരെയധികം ചിന്തിക്കുക. പരസ്പരമുള്ള കുറവുകൾ അവഗണിക്കാനും സമാധാനത്തിന്റേയും സഹതാപത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കാനും ശ്രമിക്കുകയാണെങ്കിൽ ഈ മൂന്നു ദിവസം നാം ഇവിടെ ഒത്തുകൂടിയതിന്റെ ആ ഒരു ലക്ഷ്യം നേടുന്നവരായി നാം മാറുന്നതാണ്.

ചില സമയത്ത് നിസ്സാരകാര്യങ്ങൾക്ക് നീരസങ്ങളുണ്ടാകാറുണ്ട്. അന്തരീക്ഷം ആകെ വഷളായി പരസ്പരമുള്ള കുറ്റാരോപണങ്ങൾ തുടങ്ങുന്നു. മാത്രമല്ല കൈയോറ്റംവരെ സംഭവിക്കാറുണ്ട്. ഇനി അത്തരമൊരു അന്തരീക്ഷമുണ്ടാക്കാനും ആത്മനിയന്ത്രണം കൈവെടിയാനുമാണുദ്ദേശ്യമെങ്കിൽ അയാൾ ജൽസയ്ക്കു വരാതിരിക്കുന്നതാണ് അഭികാമ്യം. അതുപോലെ ഡ്യൂട്ടി നല്കുന്നവരും ആത്മസംയമനം പാലിക്കാനാകുന്നില്ലെങ്കിൽ അതിന് നില്ക്കരുത്. ട്രാഫിക് നിയമങ്ങൾ സംബന്ധിച്ചാണ് പ്രത്യേകമായ പരാതികളുണ്ടാകുന്നത്. പാർക്കിംഗിനുള്ളത് പരിമിതമായ സ്ഥലമാണ്. കാറുകളുടെ എണ്ണമനുസരിച്ചാണ് പാർക്കിംഗ് സൗകര്യമൊരുക്കുന്നത്. ഇത്തവണ കാറുകൾ വർധിച്ചെന്നും സ്ഥലം കുറഞ്ഞെന്നും വരാം. പാർക്കിംങ്ങിന് മറ്റൊരു സ്ഥലത്ത് അയച്ചാൽ സഹകരിച്ചുകൊണ്ട് അതിഥികൾ അപ്രകാരം ചെയ്യേണ്ടതാണ്. പൊതുവെ ദൈവാനുഗ്രഹത്താൽ ആളുകൾ സഹകരിക്കാറുണ്ട്. ജമാഅത്തംഗങ്ങൾക്ക് അതിനുള്ള തർബിയ്യത്തും ലഭിച്ചിട്ടുണ്ട്. എന്നാൽ, ചില പ്രത്യേകസ്വഭാവക്കാരുണ്ട്. ക്ഷിപ്രകോപികളുമുണ്ട്. അല്ലെങ്കിൽ പാർക്കിംഗിൽ മറ്റുസ്ഥലത്തേക്ക് പോയാൽ പരിപാടികൾ നഷ്ടമാകും ജൽസാഗാഹിലെത്താൻ വൈകിപ്പോകും എന്നൊക്കെ ചിന്തിക്കുന്നവരുമുണ്ട്. അത്തരത്തിൽ എന്തായാലും സംഘാടകരുടെ പരിമിതികളെക്കുറിച്ച് ബോധവാന്മാരായിരിക്കണം. അങ്ങനെയെങ്കിൽ സമയത്തിനുമുമ്പേതന്നെ വരിക. ജൽസയ്ക്ക് കൃത്യനിഷ്ഠത കാണിക്കണമെന്നുണ്ടെങ്കിൽ ഡ്യൂട്ടിക്കാരും അത്തരക്കാരോടു ഇടയാൻ നിൽക്കാതെ സ്നേഹത്തോടെ പറഞ്ഞു മനസ്സിലാക്കുക. പരസ്പരം പരുഷമായി പെരുമാറുന്ന ഒരു സംഭവവും ഉണ്ടാകാതിരിക്കാൻ അല്ലാഹു സഹായിക്കുമാറാകട്ടെ. ഒരു വിഭാഗത്തിലേയും പ്രവർത്തകരെ പരീക്ഷണത്തിലിടാതിരിക്കാൻ അല്ലാഹു അതിഥികൾക്കും തൗഫീഖ് നല്കുമാറാകട്ടെ. പ്രവർത്തകരുടെ ക്ഷമയുടെ നിലവാരവും അല്ലാഹു ഉയർത്തുമാറാകട്ടെ.

ഈ മൂന്നു ദിവസങ്ങൾ പദ്യങ്ങളാലപിച്ചും സംഘഗാനങ്ങൾ പാടിയും പരസ്പര സ്നേഹാദരങ്ങളുടെ ഗീതം പാടിയും മാത്രം കഴിച്ചുകൂട്ടാതിരിക്കാനും മറിച്ച് ഈ മൂന്നുദിവസംകൊണ്ടു ലഭിക്കുന്ന ശിക്ഷണത്തിന്റെ ഫലമായി സമൂഹത്തിൽ സ്നേഹസാന്ദ്രമായ അവസ്ഥ നിലനിറുത്താനും യഥാർഥ ഇസ്‌ലാമിക സമൂഹത്തെ വാർത്തെടുക്കാനുമുള്ള ഒരു മനോഭാവം അല്ലാഹു നമുക്ക് പ്രദാനം ചെയ്യുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)അടിക്കടി വ്യത്യസ്ത സന്ദർഭങ്ങളിൽ അത്തരം വിശുദ്ധമായ ചിന്താഗതികൾവച്ചു പുലർത്താൻ നമ്മെ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. അവ നന്മയും വിശുദ്ധിയും നിറഞ്ഞ ചിന്തകൾ മാത്രമായിരിക്കണം. ഒരു സന്ദർഭത്തിൽ അതിഥികളുടെ കടമകളെക്കുറിച്ച് ശ്രദ്ധക്ഷണിച്ചുകൊണ്ടും ശുദ്ധ ചിന്താഗതികൾവച്ചു പുലർത്തുന്നതിനെകുറിച്ച് ഉണർത്തിക്കൊണ്ടും ആ മഹാത്മാവ് പറയുന്നു:

'അല്ലാഹു തൃപ്തനാകണമെന്നും അവന്റെ പ്രീതി കരസ്ഥമാക്കണമെന്നും അവന്റെ കല്പനകൾ പ്രാവർത്തികമാക്കണമെന്നും മാത്രം കരുതി പ്രതിഫലേച്ഛ കൂടാതെയായിരിക്കണം നന്മകൾ ചെയ്യേണ്ടത്. ഈമാൻ സമ്പൂർണമാകുക അത്തരമൊരു ആശയക്കുഴപ്പം ദൂരീകരിക്കപ്പെടുമ്പോഴാണ്. അതായത് എന്തു ചെയ്താലും പ്രതിഫലമുണ്ടാകണമെന്ന ചിന്താഗതി മാറണം. പ്രത്യുത ദൈവപ്രീതി കരസ്ഥമാക്കാൻ ആയിരിക്കണം പ്രവർത്തിക്കേണ്ടത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: നന്മകളൊന്നും അല്ലാഹു പാഴാക്കുന്നില്ലെന്നത് വാസ്തവംതന്നെയാണ്. ഇന്നല്ലാഹ ലാ യുളീഉ അജ്റൽ മുഹ്സിനീൻ തീർച്ചയായും അല്ലാഹു സുകൃതം ചെയ്യുന്നവരുടെ പ്രതിഫലം പാഴാക്കുകയില്ല(9:120) എന്നാൽ, നന്മ ചെയ്യുന്നവർ പ്രതിഫലം മുൻനിറുത്തി അതു ചെയ്യാൻ പാടില്ല. നോക്കുക, ഇവിടെ ഒരു അതിഥി വരുമ്പോൾ അവിടെയെത്തി സുഖിക്കാം, തണുത്ത ശർബ്ബത്ത് കുടിക്കാം തുടങ്ങിയ ചിന്താഗതികൾവച്ചു പുലർത്തിയാൽ അവർ അപ്പോൾ അതാണ് ലക്ഷ്യം വെക്കുന്നത്. എന്നാലോ ആതിഥ്യമരുളുന്നതിൽ ഒരു കുറവും വരുത്താതിരിക്കുന്നതും സുഖസൗകര്യങ്ങളേർപ്പെടുത്തുന്നതും ആതിഥേയരുടെ കടമയാണുതാനും. എന്നാൽ, അതിഥികൾ സ്വയം അങ്ങനെ ചിന്തിക്കുന്നത് അവർക്കുതന്നെ നഷ്ടത്തിന് നിമിത്തമാകുന്നു.'(മൽഫൂദാത്ത് വാല്യം 2, പേജ് 371-372, 1984 പതിപ്പ്)ട

ഈയൊരു ചിന്തയാണ് എല്ലാ അതിഥികളും മുമ്പിൽ വെക്കേണ്ടത്. ഒരു ബന്ധുമിത്രാദികളും ഇവിടെയില്ലാത്ത ചില അതിഥികൾ ജമാഅത്തിന്റെ സംവിധാനത്തിലാണ് താമസിക്കുന്നത്. എന്നാൽ, ചിലപ്പോൾ താമസസൗര്യത്തിനുവേണ്ടി അവർ ആവശ്യപ്പെടുന്ന കാര്യങ്ങൾ ചെയ്തുകൊടുക്കുന്നത് പ്രയാസകരമായിത്തീരാറുണ്ട്. മറ്റു ചില സൗകര്യങ്ങളും ലഭ്യമാക്കാൻ സാധിക്കുകയില്ല. കാരണം വിപുലമായ ജൽസാ സംവിധാനത്തിൽ അത്തരം എല്ലാ സൗകര്യങ്ങളും ഏർപെടുത്തുക പ്രായോഗികമല്ല. പൊതുവെ ആളുകൾ അത് മനസ്സിലാക്കുകയും ചെയ്യുന്നുണ്ട്. രണ്ടുദിവസം മുമ്പേയുള്ള ഒരു സംഭവമാണ്. അവർ വളരെ മുമ്പേതന്നെ സംഘാടകർക്ക് തങ്ങൾക്ക് താമസസൗകര്യം ആവശ്യമുണ്ടെന്ന് അറിയിച്ചതായിരുന്നു. എന്നാൽ, അബദ്ധവശാൽ സാധാരണ ലഭിക്കുന്ന താമസസൗകര്യം അവർക്ക് ലഭിച്ചില്ല. അപ്പോൾ അവർ തങ്ങളുടെ ഏതോ വേണ്ടപ്പെട്ടവരുടെ അടുത്ത് താമസം മാറ്റി. ആ വീടും വളരെ ചെറുതാണ്. നിലത്തുകിടക്കുകയോ പായ(ാമട്ടേലലൈ) വിരിച്ച് കിടക്കുകയോ ആയിരിക്കും. അതിഥികൾക്കും ആതിഥേയർക്കും പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരും. എന്നാൽ, ജൽസകേൾക്കാൻ പറ്റുമല്ലോ എന്ന കാര്യത്തിൽ അവർ സന്തുഷ്ടരാണ്. ഇക്കാര്യം ഞാൻ അവരോടു അങ്ങോട്ടു ചോദിച്ചപ്പോൾ ചിരിച്ചുകൊണ്ടാണ് അവർ പറഞ്ഞത്. ഒരു പരിഭവവും പറഞ്ഞില്ല. ഭൂരിഭാഗം അതിഥികളും ഈ ഗണത്തിൽപ്പെട്ടവരാണ്. മാത്രവുമല്ല ചിലരുമായി ഞാൻ കൂടിക്കാഴ്ച നടത്തുമ്പോൾ അവരുടെ പ്രകൃതം എനിക്കു മനസ്സിലാകും, അവർക്ക് ജമാഅത്തിന്റെ താമസസൗകര്യത്തിൽ കഴിയാൻ ആവില്ല. എന്നിട്ടും അവർ സസന്തോഷം കഴിയുന്നു. എന്റെ ചിന്തയ്ക്ക് വിപരീതമായി വരുന്നു. അവർക്ക് ചിലപ്പോൾ താമസിക്കാനാകില്ല എന്ന ചിന്തതന്നെയാണ് ഉണ്ടാകാറുള്ളത്. എന്നാലും അവർ സന്തോഷത്തോടെ താമസിക്കുന്നു. പലരുടേയും അവസ്ഥ അതുതന്നെയാണ്. എന്നാൽ, ചിലർക്കാകട്ടെ ഒരുപാട് പരാതികളായിരിക്കും.

സന്തോഷമാനസരായി ദൈവപ്രീതിക്കുവേണ്ടി ഈ ദിനങ്ങൾ കഴിച്ചുകൂട്ടിയാൽ അല്ലാഹു വേറെ നിലയിൽ തന്നരുളുന്നതായിരിക്കും.

ഇവിടെത്തന്നെ നോക്കുക. അവരുടെ താമസസ്ഥലങ്ങൾ ടെന്റായിരുന്നു. അതുപോലെ അത് പൊതു താമസസൗകര്യമായിരുന്നു. ഞാൻ കരുതുന്നത് ആളുകളുടെ ആധിക്യം കാരണം അവയൊക്കെ നിറഞ്ഞു കാണുമെന്നാണ്. അതുകൊണ്ട് പ്രയാസകരമായ സംവിധാനം ചെയ്യേണ്ടിവരുന്നു. അങ്ങനെ വന്നാൽ അത്തരം സംവിധാനങ്ങളോടും അതിഥികൾ സന്തോഷപൂർവം പൊരുത്തപ്പെടേണ്ടതാണ്. എന്തായാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ അതിഥികൾക്ക് പരമാവധി സംവിധാനമൊരുക്കുക എന്നത് ആതിഥേയരുടെ ബാധ്യതയാണ്. അതിഥികൾക്കും അല്ലാഹു നിസ്സാരമായ പ്രയാസങ്ങൾ സഹിക്കുന്നതിന് മഹത്തായ പ്രതിഫലം നല്കുമാറാകട്ടെ. അതും അവർ മുമ്പിൽ വെക്കേണ്ടതുണ്ട്. അത് അല്ലാഹുവിൽനിന്ന് നേടാൻ ശ്രമിക്കേണ്ടതുണ്ട്.

സമൂഹത്തിൽ ശാന്തിസമാധാനത്തോടെ ജീവിക്കാനും ശാന്തിസമാധാനത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കാനും ശാന്തിസമാധാനം വ്യാപിപ്പിക്കാനുമുള്ള നബി(സ)തിരുമേനിയുടെ ഉപദേശങ്ങൾ നോക്കാം. ഒരിക്കൽ ഒരാൾ നബി(സ)തിരുമേനിയുടെ അടുത്തു വന്നു ഇപ്രകാരം ചോദിച്ചു:'ഏതു ഇസ്‌ലാമാണ് ഏറ്റവും ഉത്തമമായത്?' നബി(സ)തിരുമേനി പറഞ്ഞു: ആവശ്യക്കാർക്ക് അന്നം നല്കുക.നിങ്ങൾക്ക് പരിചയമുള്ളവർക്കും പരിചയമില്ലാത്തവർക്കും സലാം ചൊല്ലുക. സമൂഹത്തിൽ സ്നേഹസാഹോദര്യങ്ങൾ സംജാതമാക്കാനും ശാന്തിസമാധാനം നിലനിറുത്താനുമുള്ള

മനോഹരമായ തത്ത്വമാണിത്. ഇതു സ്വായത്തമാക്കുകയാണെങ്കിൽ ശാന്തിസമാധാന പൂർണമായൊരു സമൂഹം സ്ഥാപിതമാക്കാനാകും. ദരിദ്രർ കൂടുതുൽ ദരിദ്രരായി മാറുമ്പോഴാണ് ലോകത്ത് ക്രമക്കേടുകളുണ്ടാകുന്നത്. ഇന്നും രണ്ടുനേരത്തെ ഭക്ഷണം കിട്ടാത്ത കോടിക്കണക്കിനാളുകളാണുള്ളത്. ഭക്ഷണമുണ്ടെങ്കിൽ പാർപ്പിടമില്ല. സമ്പന്നരാഷ്ട്രമായി കണക്കാക്കുന്ന ഇവിടേയും ഇത്തരം കാര്യങ്ങളുണ്ട്. യു.കെ. പേലുള്ള സാമ്പത്തികമായി മുന്നിൽ നില്ക്കുന്ന രാജ്യത്തും മുമ്പേയുണ്ടയിരുന്നത്ര സമ്പത്തില്ലെങ്കിലും മറ്റു പലരെക്കാളും മെച്ചംതന്നെയാണ്. പരസഹസ്രം കുട്ടികളും മുതിർന്നവരും പെരുവഴിയിലാണുള്ളത്. വിലക്കയറ്റം കാരണത്താൽ ശരിയാം വണ്ണം ഭക്ഷണംപോലും ലഭിക്കുന്നില്ല. പാർപിടവുമില്ല. അതിനാൽ ഇസ്‌ലിമിന്റെ അടിസ്ഥാന അധ്യാപനം വിശക്കുന്നവന് ഭക്ഷണം നല്കുക എന്നതാണ്. മുസ്‌ലിമീങ്ങൾ ഈ തത്ത്വം മനസ്സിലാക്കിയിരുന്നെങ്കിൽ ഹാ എത്ര നന്ന്! ഭരണാധികാരികൾ തങ്ങളുടെ പ്രജകളുടെ അവകാശങ്ങൾ അനുവദിച്ചു കൊടുക്കുന്നവരായിരുന്നെങ്കിൽ! സ്വന്തം ഖജനാവ് നിറയ്ക്കുന്നതിൽമാത്രം ശ്രദ്ധിക്കാതെ ദരിദ്രർക്കും അഗതികൾക്കും അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുത്ത് സമൂഹത്തിലുള്ള അസ്വസ്ഥതകളും അന്യായങ്ങളും അകറ്റിയിരുന്നെങ്കിൽ! ഇക്കാരണത്താലാണ് ഇക്കാലത്ത് ഇത്തരം അസ്വസ്ഥതകൾ വർധിച്ചു വരുന്നത്.

തുടർന്നു പറഞ്ഞു:സലാം ചൊല്ലുക. ഏതായാലും ഇക്കാര്യം ഞാനിവിടെ സാന്ദർഭികമായി സൂചിപ്പിച്ചതാണ്. സമൂഹത്തിൽ സലാം പ്രചരിപ്പിക്കാനും അങ്ങനെയൊരു സമ്പ്രദായമുണ്ടാക്കാനും അദ്ദേഹം ഉണർത്തുകയുണ്ടായി. സലാം ചൊല്ലുകയെന്നാൽ വെറും വായ കൊണ്ടു പറയുക എന്നതല്ല. മറിച്ച് ഒരാൾ ഉള്ളിൽത്തട്ടി സലാം ചൊല്ലുമ്പോൾ ആ വ്യക്തിക്ക് മറ്റുള്ളവർക്ക് സമാധാനമുണ്ടാക്കാനും അതിനെ പ്രചരിപ്പിക്കാനുമുള്ള ചിന്ത ഉടലെടുക്കുന്നതാണ്. പരസ്പരം സൽഭാവനകളും ഉളവാകുന്നതാണ്. അന്യരുടെ പ്രയാസങ്ങളകറ്റാൻ ശ്രമിക്കുകയും ദുആ ചെയ്യുകയും ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇക്കാലത്ത് എല്ലാ അഹ്മദികളും സമാധാനസന്ദേശം പ്രചരിപ്പിക്കാനും അസ്സലാമു അലയ്ക്കും പറയുന്ന സമ്പ്രദായമുണ്ടാക്കാനും ശ്രമിക്കേണ്ടതാണ്.

ആരിൽനിന്നെങ്കിലും എന്തെങ്കിലും പ്രയോജനം ലഭിക്കുന്നുണ്ടെങ്കിൽ അവരോടു ആളുകളെ ആഹ്ലാദത്തോടെ ചെന്നു കാണുകയും ആവേശത്തോടെ അവർക്ക് അസ്സലാമു അലയ്ക്കും പറയുകയും ചെയ്യുക. അതുപോലെ പൊതുവെ ബന്ധത്തിലുള്ളവരുമായും സന്തോഷത്തോടെ കൂടിക്കാഴ്ച നടത്തുന്നു. എന്നാൽ, യഥാർഥ ശാന്തി സമാധാനം സ്ഥാപിതമാകണമെങ്കിൽ പരസ്പരം വെറുപ്പുള്ളവരോടും അകന്നുനിൽക്കുന്നവരോടും അവർക്ക് സമാധാനമുണ്ടാകാൻ ദുആ ചെയ്ത് അവരെ കാണുമ്പോഴാണ്.

ആയതിനാൽ ഈ ജൽസയിൽ അത്തരമാളുകളും പിണക്കമകറ്റി സമാധാന സന്ദേശമെത്തിക്കാൻ ശ്രമിക്കേണ്ടതാണ്. അതോടൊപ്പം പൊതുവായ നിലയ്ക്കും സമൂഹത്തിൽ മുഴുവനും സമാധാനസന്ദേശമെത്തിച്ചുകൊണ്ടിരിക്കണം. അല്ലാഹു അതനുസരിച്ച് പ്രവർത്തിക്കാനും എല്ലാവർക്കും തൗഫീഖ് നല്കുമാറാകട്ടെ. ജൽസയുടെ അന്തരീക്ഷം പൂർണമായും ശാന്തിസമാധാനത്തിന്റെ അന്തരീക്ഷമായി മാറട്ടെ. നാമമാത്രമല്ല ഉന്നതധാർമികഗുണങ്ങളുടേയും മനുഷ്യരോടുള്ള കടമകളുടേയും നിർവഹണം നമ്മുടെ ജീവിതത്തിന്റെ സ്ഥിരം ഭാഗമായി മാറട്ടെ.

ജൽസയുടെ സംഘാടനത്തെ കുറിച്ചും ചില പൊതു കാര്യങ്ങൾ പറയാനാഗ്രഹിക്കുകയാണ്. അതും എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ആദ്യത്തെ കാര്യം ജൽസയുടെ പരിപാടികൾ നിശബ്ദമായും സശ്രദ്ധവും എല്ലാവരും കേൾക്കേണ്ടതാണ്. അല്ലാതെ ഞാൻ മുമ്പേയും പറഞ്ഞതുപോലെ ചിലപ്രസംഗങ്ങൾ കേൾക്കുകയും ചിലത് കേൾക്കാതിരിക്കുകയും ചെയ്യരുത്. പരിപാടി സമയത്ത് ജൽസയിൽത്തന്നെ ഇരിക്കുക. ചില പ്രഭാഷരുടെ പ്രസംഗങ്ങൾ മാത്രം കേൾക്കുകയും അവരുടെ തീപ്പൊരി പ്രസംഗം ഇഷ്ടപ്പെടുകയും മറ്റുള്ളവ കേൾക്കാതിരിക്കുകയും ചെയ്യുന്നതു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വളരെ അനിഷ്ടകരമായിരുന്നു. പ്രഭാഷകർ വളരെ കഷ്ടപ്പെട്ടാണ് പ്രസംഗങ്ങൾ തയ്യാറാക്കുന്നത്. ഇവിടെ ഒത്തുകൂടിയ എല്ലാവരും ജൽസയുടെ മുഴുവൻ പ്രോഗ്രാമുകളിലും പങ്കെടുത്ത് ആത്മീയവും വൈജ്ഞാനികവുമായ ഫലമെടുക്കാൻ ശ്രമിക്കേണ്ടതാണ്

മാത്രമല്ല ജൽസാ നാളുകളിൽ ദൈവസ്മരണ, സ്വലാത്ത് ചൊല്ലൽ എന്നിവ ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇപ്പോഴാണെങ്കിൽ മുഹർറം ദിനങ്ങളുമാണല്ലോ. പ്രത്യേകിച്ച് ഇന്ന് മുഹർറം പത്തുമാണ്. സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. അല്ലാഹു നബി(സ)തിരുമേനിയുടെ സ്ഥാനമാനങ്ങൾ അത്യുന്നതമാക്കുമാറാകട്ടെ എന്ന ചിന്തയോടെ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. നബി(സ)തിരുമേനിയുടെ സന്ദേശത്തിന് വിജയവും സമ്പൂർണാധിപത്യവും ലഭിക്കുമാറാകട്ടെ. നബി(സ)തിരുമേനിയുടെ ശരീഅത്തിന് സ്ഥിരതയും മഹത്ത്വവും ലഭിക്കുമാറാകട്ടെ. നബി(സ)തിരുമേനി ഉമ്മത്തിനുവേണ്ടിച്ചെയ്ത ദുആകളിൽനിന്ന് നമുക്കും ഗുണമെടുക്കാൻ കഴിയുമാറാകട്ടെ. അല്ലാഹു ഈ ഉമ്മത്തിനെ എല്ലാത്തരം പ്രശ്നങ്ങളിൽനിന്നും അകറ്റുമാറാകട്ടെ.

ഇന്ന് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിൽ മുസ്‌ലിമങ്ങൾ എന്തെല്ലാമാണ് ചെയ്തു കൂട്ടുന്നത്? ഇവർ ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അല്ലാഹു അവർക്ക് ബുദ്ധിനല്കുമാറാകട്ടെ. കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാൻ അവർക്ക് കഴിയുമാറാകട്ടെ. ജുമുഅ ദിവസം സ്വീകരിക്കപ്പെടുന്ന ഇത്തരം ദുആകളും ചെയ്യാൻ ഓർക്കേണ്ടതാണ്. ഈ നാമധാരികളായ മുസ്‌ലിമീങ്ങൾ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരുച്ചരിച്ചുതന്നെയാണ് ഇന്നത്തെ ദിവസം നബി(സ)തിരുമേനിയുടെ ആത്മീയവും ഭൗതികവുമായ കുടുബത്തിനുമേൽ അതിക്രമം പ്രവർത്തിച്ചത്. ഇപ്പോൾ അതേ അതിക്രമംതന്നെ നബി(സ)തിരുമേനിയുടെ ആത്മീയകുടുംബമായ ഹദ്റത്ത് മസീഹ് മൗഊദ്(അ)നും ജമാഅത്തിനുംമേൽ ഇക്കൂട്ടർ ചെയ്തുകൊണ്ടിരിക്കുന്നു.

പാക്കിസ്താനിൽ ഇപ്പോൾ വളരെ ദുരിതപൂർണമായ അവസ്ഥയാണ്. വിരോധികളെല്ലാഭാഗത്തുനിന്നും ജമാഅത്തിന് നഷ്ടമുണ്ടാക്കാനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നിട്ടു പറയുന്നത് തങ്ങൾ റസൂലിനോടുള്ള സ്നേഹത്തിന്റെ പേരിലാണ് ഇങ്ങനെയൊക്കെ ചെയ്യുന്നതെന്നാണ്. നഊദുബില്ലാഹ് അഹ്മദികൾ നബി(സ)തിരുമേനിയെ നിന്ദിക്കുന്നവരാണെന്നും വാദിക്കുന്നു. വാസ്തവത്തിൽ നമ്മുടെ ദീനിന്റെ അടിത്തറ എന്നത് നബി(സ)തിരുമ്മേനി ഖാത്തമുന്നബിയ്യീൻ ആകുന്നതിലും ആ മഹാത്മാവ് കൊണ്ടുവന്ന ശരീഅത്തിൽ വിശ്വാസമർപിക്കുന്നതിലുമാണ്. സത്യത്തിൽ നബി(സ)തിരുമേനിയുടെ കല്പനക്ക് ലബ്ബയ്ക്ക് പറഞ്ഞ്, വരാനിരുന്ന വാഗ്ദത്ത മസീഹിനെ വിശ്വസിച്ചവരാണ് ഞങ്ങൾ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവാചകസ്നേഹം എത്ര മഹനീയമായിരുന്നുവെന്നും അക്കാരണത്താൽ അല്ലാഹു എത്രയധികം അനുഗ്രഹമാണ് അദ്ദേഹത്തിന് നല്കിയതെന്നും അദ്ദേഹംതന്നെ പറയുന്നു: 'ഒരിക്കൽ ഒരു ദീർഘകാലം ഞാൻ സ്വലാത്തു ചൊല്ലുന്നതിൽ വളരെയധികം മുഴുകിയിരുന്നു.ദൈവത്തിന്റെ വഴികൾ അതിസൂക്ഷ്മമാണെന്നും എനിക്കറിയാമായിരുന്നു. നബി(സ)തിരുമേനിയുടെ വസീലത്ത്(മാധ്യസ്ഥം)ഇല്ലാതെ അത് ലഭിക്കുന്നതല്ലെന്നും ഞാൻ മനസ്സിലാക്കിയിരുന്നു. വബ്ത്തഗൂ ഇലയ്ഹിൽ വസീലത്ത(5:36)(നിങ്ങൾ അല്ലാഹുവിലേക്കുള്ള സാമീപ്യമാർഗം അന്വേഷിക്കുക)എന്ന് അല്ലാഹു പറഞ്ഞതുപോലെ. അപ്പോൾ ഒരു ഇടവേളയ്ക്കു ശേഷം എനിക്ക് ഇപ്രകാരം കശ്ഫുണ്ടായി. അതായത് ജാഗ്രദർശനം! കുറേയാളുകൾ ഓരോ കുടവുമായി വരുന്നു. വന്നവരിൽ ഒരാൾ അകത്തുള്ള വഴിയിലൂടെയും മറ്റെയാൾ പുറത്തുള്ള വഴിയിലൂടെയും എന്റെ വീട്ടിൽ പ്രവേശിച്ചു. അവരുടെ ചുമലിൽ പ്രകാശത്തിന്റെ കുടങ്ങളുണ്ടായിരുന്നു. വെള്ളമല്ല മറിച്ച് പ്രകാശം നിറച്ച കുടങ്ങളായിരുന്നു. എന്നിട്ടു പറഞ്ഞു:'ഹാദാ ബിമാ സ്വല്ലയ്ത്ത അലാ മുഹമ്മദിൻ'(ഹഖീഖത്തുൽവഹി, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 131, അടിക്കുറിപ്പ്). താങ്കൾ നബി(സ)തിരുമേനിയുടെമേൽ സ്വലാത്തു ചൊല്ലിയതിനുള്ള പ്രതിഫലമായി ലഭിച്ച പ്രകാശമാണിത്.

ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രവാചകസ്നേഹത്തിന്റെ നിലവാരം. അതുപ്രകാരം അദ്ദേഹത്തിന് അല്ലാഹുവിന്റെ വരദാനവും ലഭിച്ചു. അദ്ദേഹം പലയിടങ്ങളിലും പരാമർശിച്ച കാര്യം ഇതായിരുന്നു. ഞാൻ നേടിയിട്ടുള്ളതെല്ലാംതന്നെ നബി(സ)തിരുമേനിയുടെ മധ്യസ്ഥതയിലൂടേയും തിരുനബിയുടെമേൽ സ്വലാത്ത് ചൊല്ലിയതിലൂടേയുമാണ്. തിരുനബിയോടുള്ള അനുരക്തിയിൽ വിലയം പ്രാപിച്ചതിലൂടേയുമാണ്. അതുകൊണ്ട് എന്നെ നിങ്ങൾ എപ്രകാരമാണ് ഹദ്റത്ത് മുഹമ്മദു റസൂലുല്ലായിൽനിന്ന് വേറിട്ട നിലയിൽ കാണുക. അതിനാൽ ഇന്നാളുകളിൽ പ്രത്യേകം ദിക്റെ ഇലാഹിയിലും സ്വലാത്തിലും മുഴുകുക. അല്ലാഹു നബി(സ)തിരുമേനിയോടു ചെയ്ത വാഗ്ദാനപ്രകാരം അതിന്റെ അനുഗ്രഹങ്ങൾ അവൻ ലോകം മുഴുവൻ വ്യാപിപ്പിക്കുമാറാകട്ടെ.

ജൽസാഗാഹിൽ പ്രത്യേകിച്ചും സ്ത്രീകൾ ഒരു

(ശേഷം പേജ് 8 ൽ)

**• കലാമുൽ ഇമാം •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

**• കലാമുൽ ഇമാം •**

"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

**മജ്‌സിലെ ആമില അംഗങ്ങൾ മാതൃകാപരമായ നിലയിൽ പ്രവർത്തിക്കുക. അഞ്ചുനേര നമസ്കാരം പതിവായി അനുഷ്ഠിക്കുക. ഇസ്‌ലാമിനെ പ്രചരിപ്പിക്കാൻ പുതിയതും ആകർഷണീയവുമായ മാർഗങ്ങൾ നടപ്പിൽ കൊണ്ടുവരേണ്ടതാണ് ഖിദ്മത്ത് എന്നുദ്ദേശ്യത്തോടെ നിങ്ങൾ വയസ്സായ ആളുകളുടെ വീട്ടിൽ പോകേണ്ടതാണ്. ഇവർ ആശയറ്റവരാണ്. അവരെ കാണാൻ പോകുമ്പോൾ അവർ സന്തോഷിക്കുന്നു. കാരണം അവരുടെ സ്നേഹിതന്മാരും ബന്ധുക്കളും അവരെ കാണാൻ പോകുന്നില്ല. ഏതെങ്കിലും ആഫ്രിക്കൻ രാജ്യത്ത് ഒരു ഹാൻഡ്പമ്പ് നാട്ടാൻ കുറഞ്ഞത് ഓരോ വർഷവും കുറച്ചുതുക നിങ്ങൾ ശേഖരിക്കേണ്ടതാണ്. 15 വയസ്സുവരെ അത്ഫാലിന് നല്ല തർബിയ്യത്തുകൊടുക്കുക. അപ്പോൾ ജമാഅത്തുമായി അവരെപ്പോഴും ചേർന്നിരിക്കും. ജുമുഅയിൽ വരാത്ത ഖുദ്ദാമിനെ ഇടയ്ക്കിടെ ഓർമിപ്പിച്ചുകൊണ്ടിരിക്കുക. മസ്ജിദ് അകലത്താണെങ്കിൽ നാലോ അഞ്ചോ ഖുദ്ദാം പരസ്പരംചേർന്ന് ജുമുഅ നമസ്കാരം നിർവഹിക്കാവുന്നതാണ്.**

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2021 നവംബർ 13 ന് ഫിൻലാൻഡിലെ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ നാഷണൽ ആമിലായുമായി ഓൺലൈൻ കൂടിക്കാഴ്ച നടത്തുകയുണ്ടായി. ഹുദൂർ അൻവർ ഇതിനുവേണ്ടി ഇസ്‌ലാമാബാദിൽ( ടിൽഫോർഡ്)സ്ഥാപിച്ചിട്ടുള്ള എം.ടി.എ സ്റ്റുഡിയോവിൽ ആഗതരായി. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ അംഗങ്ങൾ ഓൺലൈൻ കൂടിക്കാഴ്ചക്ക് ഫിൻലാൻഡിലെ ഒലഹശെിസശ അഹ്മദിയ്യ മിഷൻഹൗസിൽനിന്നാണ് പങ്കെടുത്തത്. ദുആയോടുകൂടി ഈ കൂടിക്കാഴ്ച ഉൽഘാടനം ചെയ്ത ശേഷം ഹുദൂർ അയ്യദഹുല്ലാഹ് എല്ലാ അംഗങ്ങളുമായും സംസാരിച്ചു. ഓരോരുത്തരുടേയും വകുപ്പനുസരിച്ച് അവരുടെ ഉത്തരവാദിത്വങ്ങളിലേക്കും നിർബന്ധകാര്യങ്ങളിലേക്കും ശ്രദ്ധക്ഷണിച്ചു. ഇതിനോടൊപ്പം മജ്‌ലിസെ ആമിലെ അംഗങ്ങൾക്ക് വ്യക്തിപരമായ നിലയിൽ അവരുടെ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സമർപിക്കാനും അവസരം കിട്ടി. ഹുദൂറിൽനിന്ന് നേരിട്ട് മാർഗദർശനം തേടാനുള്ള ഭാഗ്യവും കരസ്ഥമായി.

കൂടിക്കാഴ്ചയ്ക്കിടയിൽ ഹുദൂർ അയ്യദഹുല്ലാഹ് ഉപദേശിച്ചു. മജ്‌ലിസെ ആമില അംഗങ്ങൾ മാതൃകാപരമായ നിലയിൽ പ്രവർത്തിക്കുക. നിങ്ങൾ അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിക്കുക. പിന്നീട് ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കുന്നതിനുവേണ്ടി പുതിയരീതികൾ അന്വേഷിക്കേണ്ടതിനെ സംബന്ധിച്ച് പറഞ്ഞു:പഴയ ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്ന മാർഗംതന്നെ ഉപയോഗിക്കണമെന്നും ആ മാർഗംമാത്രം മതിയെന്നുമുള്ള ചിന്തയിൽ നിങ്ങൾ അടയിരിക്കരുത്. പ്രത്യുത ഇസ്‌ലാമിന്റെ സന്ദേശം ജനങ്ങളെ ആകർഷിക്കും വിധമുള്ള മാർഗങ്ങളും രീതികളുമാണ് നിങ്ങൾ നോക്കേണ്ടത്. പിന്നീട് ആ പുതിയതും ഫലപ്രദവുമായ മാർഗങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

ഘാനക്കാരനായ ഒരു ഖാദിം അദ്ദേഹം മുഹ്തമിം ഖിദ്മത്തെ ഖൽഖാണ് അദ്ദേഹത്തിന് തന്റെ വകുപ്പിന്റെ ശരിയായ സാങ്കേതികപദം അറിവില്ലായിരുന്നു. അതായത് ഖിദ്മത്തെ ഖൽഖ്. അപ്പോൾ ഹുദൂർ അൻവർ വാത്സല്യപൂർവം പലപ്രാവശ്യം അദ്ദേഹത്തിന് നല്ലവണ്ണം മനസ്സിലകുന്നതിനുവേണ്ടി 'മുഹത്തമിം ഖിദ്മത്തെ ഖൽഖ്' എന്ന് ആവർത്തിച്ചു. എന്നിട്ട് പറഞ്ഞു:ഇനി നിങ്ങൾ ഈ സാങ്കേതിപദം അറിഞ്ഞിരിക്കേണ്ടതാണ്. എന്നല്ല താങ്കൾക്ക് ഈ പദം പറയാനും കഴിയേണ്ടതാണ്.

ഹുദൂർ അൻവർ ആ ഖാദിമിനോട് വിവരം അന്വേഷിച്ചുകൊണ്ട് ചോദിച്ചു: ഖിദ്മത്തെ ഖൽഖിന്റെ എന്തുപദ്ധതിയാണ് നിങ്ങൾക്കുള്ളത്?

ആ ഖാദിം പറഞ്ഞു:ഞങ്ങളുടെ ഇവിടെ പല പദ്ധതികളുമുണ്ട്. ഇവിടെ ഖിദ്മത്തെ ഖൽഖിന് വലിയ പ്രാധാന്യമാണ് കരസ്ഥമായിട്ടുള്ളത്. ഞങ്ങളുടെ ജോലി നിസ്സാരമായിട്ടുള്ളതാണ്. എങ്കിലും അതിന് നല്ല ഫലമാണുള്ളത്.

ഹുദൂർ അൻവർ പറഞ്ഞു:നിങ്ങൾ വയസ്സായവരുടെ വീടുകളിൽപോകേണ്ടതാണ്. ആ രാജ്യങ്ങളിൽ ഇക്കൂട്ടർ ആശയറ്റവരാണ്. നിങ്ങൾ അവരെ കാണാൻ പോകുമ്പോൾ അവർ സന്തോഷിക്കുന്നു. കാരണം അവരുടെ സ്നേഹിതന്മാരും ബന്ധുക്കളും അവരെ കാണാൻ പോകാറില്ല. ഇതുപോലെതന്നെ ഏതെങ്കിലും ആഫ്രിക്കൻ രാജ്യത്ത് ഹാൻഡ്പമ്പ് നാട്ടുന്നതിന് കുറഞ്ഞപക്ഷം ഓരോവർഷവും കുറച്ചുതുക നിങ്ങൾ ശേഖരിക്കേണ്ടതാണ്. നിങ്ങൾക്ക് ഇതിനെക്കാൾ കൂടുതൽ ചെലവഴിക്കാൻ കഴിയുന്നില്ലെങ്കിൽ കുറഞ്ഞത് വർഷത്തിൽ ഒരു ഹാൻഡ്പമ്പ് ഫിൻലാന്റ് ജമാഅത്തിന്റെ വകയായി നാട്ടേണ്ടതാണ്.നിങ്ങൾ അതിനുവേണ്ടി പദ്ധതി തയ്യാറാക്കുക.

മുഹ്തമിം അത്ഫാലിന് നിർദേശങ്ങൾ നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു: ശ്രദ്ധിക്കുക, 15 വർഷംവരെ അത്ഫാലിന് എത്രമാത്രം ട്രൈനിംഗ് കൊടുക്കണമെന്നാൽ അവർ ഖുദ്ദാമിൽപോകുമ്പോഴും ജമാഅത്തിനോടും മജ്‌ലിസിനോടും ആ ബന്ധം നിലനിറുത്തന്നവരാകണം. അവർ അത്ഫാലുൽഅഹ്മദിയ്യായുടെ പരിധിവരെ വളരെ നല്ലവരായിരിക്കും. 15 വയസ്സിലെത്തുകയും സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്യുമ്പോൾ പിന്നീട് തികച്ചും ദുർവൃത്തരായിത്തീരുന്നു. യാഥാർഥ്യമെന്താണെന്നാൽ, 15 വർഷംവരെ നല്ലപോലെ നിയന്ത്രിക്കുകയും 15 വയസ്സിനു ശേഷം നിയന്ത്രണം നിലനില്ക്കുകയുമാണെങ്കിൽ എപ്പോഴും ബന്ധം നിലനില്ക്കുന്നതാണ്. ഈ ഭാഗത്തേക്ക് പ്രത്യേകം ശ്രദ്ധിക്കുക.

ഒരു ഖാദിം ചോദിച്ചു: ചില ഖാദിമീങ്ങളുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നിട്ടും ബന്ധമുണ്ടാകുന്നില്ല. അതിന് ഞങ്ങളെന്താണ് ചെയ്യേണ്ടത്?

ഹുദൂർ പറഞ്ഞു:ചെറിയ രാജ്യമാണ്. ബന്ധം നിലനിറുത്തിക്കൊണ്ടു പോകുക. ഒരു കോണിൽ നിന്ന് മറ്റൊരു കോണുവരെ ബന്ധപ്പെടാതിരിക്കാൻ ഓസ്ട്രേലിയ ഒന്നുമല്ലല്ലോ? ശ്രമിക്കുക. ബന്ധങ്ങൾ നിലനിറുത്തേണ്ടതാണ്. ഇതിന്റെ ഉദ്ദേശ്യം നിങ്ങൾക്ക് അലസത ഉണ്ടെന്നാണ്. അതുകൊണ്ട് ബന്ധമുണ്ടാകുന്നില്ല. ആമിലായുടെ അലസതയാണ്. ഭാരവാഹികളുടെ അലസതയാണ്. അവർ ബന്ധം വെക്കുന്നില്ല. മനസ്സിലായോ? എല്ലാ ഓരോരുത്തരിലേക്കും എത്തുംവിധമുള്ള ഏതെങ്കിലും സംവിധാനം ചെയ്യുക. എഴുന്നേറ്റുപോയി അസ്സലാമു അലയ്ക്കും പറഞ്ഞുകൊണ്ട് സുഖവിവരങ്ങൾ അന്വേഷിക്കുക എന്ന് ഞാൻ മുറബ്ബിസാഹിബിനോടു പറഞ്ഞിരുന്നു. മറ്റൊന്നും പറഞ്ഞില്ലെങ്കിൽത്തന്നെയും! ഇതുമുഖേന ബന്ധമുണ്ടാകുന്നു. നിങ്ങൾ ബന്ധപ്പെടാറുണ്ട്, നിങ്ങൾക്ക് ചന്ദവാങ്ങേണ്ട സമയം വരുമ്പോൾ! റിപ്പോർട്ടു വാങ്ങേണ്ടിവരുമ്പോൾ, വഖാറെ അമൽ ചെയ്യിക്കേണ്ടിവരുമ്പോൾ, മറ്റേതെങ്കിലും നിങ്ങളുടെ ഉദ്ദേശ്യം സാധിക്കേണ്ടിവരുമ്പോൾ ആ നേരത്ത് നിങ്ങൾ ബന്ധപ്പെടുന്നു. തന്റെ സഹോദരന്റെ ആരോഗ്യസ്ഥിതിയെന്താണെന്ന് ചോദിച്ചുകളയാമെന്നൊരിക്കലും വിചാരമുണ്ടാകുന്നില്ല. പെരുന്നാൾ ദിവസം അസ്സലാമു അലയ്ക്കും, അസ്സലാമു അലയ്ക്കും എന്നു പറഞ്ഞ് പെരുന്നാൾ സമ്മാനം കൊടുത്തയക്കുക. ഖുദ്ദാമുൽ അഹ്മദിയ്യായ്ക്ക് സാധിക്കുമെങ്കിൽ ചെയ്യുക. നിങ്ങൾ നിർധനരാണ്. നിങ്ങളുടെ ബഡ്ജറ്റിൽനിന്ന് അയക്കാൻ പറ്റുകയില്ല. ഇതിൽനിന്ന് ജമാഅത്തുമായി തങ്ങൾക്ക് ബന്ധമുണ്ടെന്ന് അവർക്ക് ബോധമുണ്ടാകും. ജമാഅത്ത് തങ്ങളെ ശ്രദ്ധിക്കുന്നുണ്ട്. ഇങ്ങനെ ബന്ധങ്ങൾ വർധിപ്പിക്കണം. ഒരു ജോലിയുമില്ലെങ്കിലും അസ്സലാമു അലയ്ക്കും വ അലയ്ക്കുമുസ്സലാം ഉണ്ടാകണം. അപ്പോൾ അവരിലും ബോധമുണ്ടാകുന്നതാണ്. അങ്ങേയറ്റം നാണം കെട്ടവന് നാണമുണ്ടാകുകയില്ല. മറ്റുള്ളവർക്ക് എന്തായാലും നാണം വരുന്നതായിരിക്കും.


ഒരു ഖാദിം ചോദിച്ചു:ജുമുഅ നമസ്കാരനിർവഹണത്തെ സംബന്ധിച്ച് ശ്രദ്ധയാകർഷിക്കും വിധം എങ്ങനെയാണ് ഖുദ്ദാമിനോടു പറയാൻ

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

കഴിയുക?

ഹുദൂർ അൻവർ പറഞ്ഞു:തർബിയ്യത്തു സെക്രട്ടറി ഇടയ്ക്കിടെ ഖുദ്ദാമിനോടു ജുമുഅ നമസ്കാര നിർവഹണത്തെ സംബന്ധിച്ച് പറഞ്ഞുകൊണ്ടിരിക്കണം. ഒരു ജുമുഅ നമസ്കരിക്കാതിരിക്കുമ്പോൾനിങ്ങളുടെ ഹൃദയത്തിൽ ഒരു കറുത്ത പാടുണ്ടാകുന്നുവെന്ന് അവർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കണം. അടുത്ത ജുമുഅ നമസ്കരിക്കാതിരിക്കുമ്പോൾ നിങ്ങളുടെ ഹൃദയത്തിൽ മറ്റൊരു കറുത്ത പാടുണ്ടാകുന്നു. പിന്നീട് മൂന്നാമത്തെ ജുമുഅ നമസ്കരിക്കാതിരിക്കുമ്പോൾ നിങ്ങളുടെ ഹൃദയം മുഴുവനും കറുത്തുപോകുന്നു. എന്തെങ്കിലും അത്യാവശ്യവും ഒഴിച്ചുകൂടാൻ പറ്റാത്തതുമായ കാര്യമുണ്ടായാലൊഴികെ ഓരോ വ്യക്തിയും ജമുഅ നിർഹിക്കേണ്ടതാണ്.

ഹുദൂർ വീണ്ടും പറഞ്ഞു:നമ്മൾ ദീനിനെ ഭൗതികപരമായ എല്ലാ കാര്യങ്ങളെക്കാളും മുന്തിക്കുമെന്ന് പ്രതിജ്ഞ ചെയ്തതിന്റെ ഉദ്ദേശ്യമെന്താണെന്ന് അവർക്ക് പറഞ്ഞുകൊടുക്കുക. ഇനി മസ്ജിദ് അകലത്താണെങ്കിൽ നാലോ അഞ്ചോ ഖുദ്ദാം പരസ്പരം ചേർന്ന് ജുമുഅ നമസ്കാരം നിർവഹിക്കാവുന്നതാണ്. എന്തായാലും നിങ്ങൾ ആവർത്തിച്ചാവർത്തിച്ച് ജുമുഅ നമസ്കാര നിർവഹണത്തെ കുറിച്ച് ശക്തമായി പറഞ്ഞുകൊണ്ടിരിക്കേണ്ടതാണ്. ഇതു തർബിയ്യത്തു വകുപ്പിന്റെ ഉത്തരവാദിത്വമാണ്.

മറ്റൊരു ഖാദിം ചോദിച്ചു: നമ്മൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന നോട്ടീസുകളിൽ നബി(സ)തിരുമേനിയുടെ അനുഗൃഹീതനാമവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാമവുമുണ്ട്. നോട്ടിസുവാങ്ങുന്നവർ ഒന്നുകിൽ കീറിക്കളയുന്നു അല്ലെങ്കിൽ ഡസ്റ്റ് ബിന്നിലിടുന്നു. ഹുദൂർ ഞങ്ങൾക്കെന്താണ് ഇതിൽ ചെയ്യാൻ കഴിയുക? ഹുദൂർ മാർഗനിർദേശം നല്കിയാലും.

ഹുദൂർ അൻവർ:അത്യാവശ്യമുള്ള സ്ഥലത്തു മാത്രം ഫോട്ടോ പ്രസിദ്ധീകരിക്കുക. കൂടുതൽ ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ ഫോട്ടോയുടെ ആവശ്യമില്ല. പിന്നെ ആർക്കാണോ കൊടുക്കുന്നത് അവരോടു ചോദിക്കുക ഞങ്ങൾ നിങ്ങൾക്കു നോട്ടീസു തന്നാൽ നിങ്ങൾ സ്വീകരിക്കുമോ എന്ന്! സ്വീകരിക്കുമെന്ന് പറഞ്ഞാൽ കുഴപ്പമില്ല. നിങ്ങൾ പറഞ്ഞതുപോലെ ഫോട്ടോകൾ നഷ്ടപ്പെടുത്തിക്കളയുന്നുണ്ട്. ഡസ്റ്റ് ബിന്നിലിടുന്നുണ്ട്. കീറി വലിച്ച് വഴിയിലെറിയുന്നു. ആളുകൾ അതിന്റെ മീതെ നടക്കുന്നു. അവർഅങ്ങനെത്തന്നെയാണ് ചെയ്യുക. അവർക്ക് മനസ്സിലാകാത്തിടത്തോളം ഫോട്ടോകൾ പ്രസിദ്ധീകരിക്കേണ്ട ആവശ്യമില്ല. അത്യാവശ്യമുള്ളിടത്തുമാത്രം പ്രസിദ്ധീകരിക്കുക. അല്ലാതെ പ്രസിദ്ധീകരിക്കേണ്ട ആവശ്യമില്ല. പിന്നെ തബ്ലീഗു ചെയ്യുന്നതിന് ഇക്കാര്യങ്ങൾ ചെയ്യേണ്ടിയും വരും. എന്തെങ്കിലുമൊക്കെ ബുദ്ധിമുട്ടികളുണ്ടാകും. അത് നമുക്ക് അഭിമുഖീകരിക്കേണ്ടിവരുന്നതാണ്.

ഒരു ഖാദിം ചോദിച്ചു:ചിലയാളുകൾ സ്വയം പണിയെടുക്കാൻ തയ്യാറാകുന്നില്ല. അവർ പറയുന്നത് സർക്കാരിന്റെ ബെനിഫിറ്റസിൽ(യലിലഉശഹേ)നിന്ന് സ്വയം ഉണ്ടാക്കുന്നത്ര വരുമാനമുണ്ടാകാറുണ്ട്. അത്തരമാളുകളോടു സ്വയം അധ്വാനിക്കേണ്ടതാണെന്ന് എങ്ങനെയാണ് പറഞ്ഞുകൊടുക്കുക?

ഹുദൂർ പറഞ്ഞു:നിങ്ങൾ സ്വദഖ വാങ്ങാൻ ഇഷ്ടപ്പെടുന്നുണ്ടോ എന്ന് അവരോടു ചോദിക്കുക.ഇസ്‌ലാം പറയുന്നു. നബി(സ)തിരുമേനി പറഞ്ഞു: കൊടുക്കുന്ന കൈയാണ് വാങ്ങുന്ന കൈയെക്കാൾ ഉത്തമം. നിങ്ങൾ മുസ്‌ലിമീങ്ങളെന്നു പറഞ്ഞിട്ട്, അഹ്മദി മുസ്‌ലിമീങ്ങളെന്നു പറഞ്ഞിട്ട് ഇസ്‌ലാമികാധ്യാപനമനുസരിച്ച്, നബി(സ)തിരുമേനിയുടെ കൊടുക്കുന്ന കൈയാണ് വാങ്ങുന്ന കൈയെക്കാൾ ഉത്തമം എന്ന പാഠമനുസരിച്ച് പ്രവർത്തിക്കുക. നിങ്ങൾ താഴെ കൈവെച്ച് യാചിക്കാൻ തുടങ്ങി. സ്വദഖ വാങ്ങിക്കൊണ്ടിരിക്കുന്നു. വാസ്തവത്തിൽ ജോലിയെടുക്കാൻ കഴിയുന്ന ആരോഗ്യവാനായ ഒരു യുവാവിന് സ്വദഖ വാങ്ങേണ്ട ആവശ്യംതന്നെ വരുന്നില്ല. ഇതു ലജ്ജാകരമായ കാര്യമാണെന്ന് അവരോടു പറയുക. ഫഖീറായിക്കൊണ്ടിരിക്കുകയാണ്. പാക്കിസ്താനിലായിരുന്നെങ്കിൽ ഫഖീറായിരിക്കുന്നത് സഹിക്കുമായിരുന്നുവോ? ഇവിടെ വന്നിട്ട് ഫഖീറായിത്തീരുന്നു. അല്പം ആത്മാഭിമാനമുണ്ടാക്കിയാൽ സ്വയം നന്നായിക്കൊള്ളും.

അതിനുശേഷം സ്വദ്ർ സാഹിബ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഫിൻലാൻഡ്(എശിഹമിറ) പുതിയതായി തിരഞ്ഞെടുക്കപ്പെട്ട മജ്‌ലിസെ ആമില അംഗങ്ങൾക്ക് ഹുദൂറിന്റെ പിന്നിൽ പ്രതിജ്ഞ ചെയ്യണമെന്ന ആഗ്രഹം പ്രകടിപ്പിച്ചു.

ഹുദൂർ പറഞ്ഞു:ഞാൻ പറഞ്ഞ കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കുക. ൂഹമി അനുസരിച്ച് പണിയെടുക്കുക. പുതിയവികാരത്തോടും ആവേശത്തോടും അവരവരുടെ പണി ആരംഭിക്കുക. നമ്മൾ നൂറു ശതമാനവും നമ്മുടെ ടാർഗറ്റുകളെ നമ്മുടെ ൂഹമി നുകളെ മരവശല്ല ചെയ്യേണ്ടതാണ്. ഇതാണ് യഥാർഥ കാര്യം. പ്രതിജ്ഞ ഏറ്റു പറയുന്നതുകൊണ്ട് ഒന്നുമുണ്ടാകുകയില്ല. പ്രതിജ്ഞ ചൊല്ലിക്കൊണ്ട് അതിനുശേഷം ഞങ്ങൾ പ്രതിജ്ഞ ചൊല്ലി എന്ന പറയുകയല്ല. അതോടെ എല്ലാം കഴിഞ്ഞു! നമ്മൾ ദുആ ചെയ്തു, പുതിയ ആമിലായും ദുആ ചെയ്തു. ഈ ദുആയിൽ എല്ലാം ഉൾപ്പെട്ടിരിക്കുന്നു.(അൽഫള്ൽ ഇന്റർനാഷണൽ 2021 നവംബർ 30)

••••

### ഖാദിയാനിൽ
### നൂറു ഹോസ്പിറ്റൽ ഖാദിയാനിൽ എക്സറെ ടെക്നീഷ്യനെ ആവശ്യമുണ്ട്

നിബന്ധനകൾ: (1)ഉദ്യോഗാർഥിയുടെ പ്രായം 37-ൽ കൂടാൻ പാടില്ല.(2)സർക്കാർ സ്ഥാപനത്തിൽനിന്നോ രജിസ്റ്റേർഡ് സ്ഥാപനത്തിൽനിന്നോ കോഴ്സ് ചെയ്തിട്ടുള്ള ആളായിരിക്കണം. അത്തരം കോഴ്സിന് Paramedical Council of Punjab ന്റെ അംഗീകാരമുണ്ടായിരിക്കണം. (3)ഡോക്ടറുടെ നിർദ്ദേശം വായിക്കുന്നതിന് ഇംഗ്ലീഷ് നല്ലവണ്ണം അറിഞ്ഞിരിക്കണം.(4)പരിചയമുള്ളവർക്ക് മുൻഗണനയുണ്ടായിരിക്കും. (5)ബദ്റിൽ പ്രസിദ്ധീകരിക്കുന്ന അവസാന വിളംബരത്തിനുശേഷം 2 മാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകളായിരിക്കും പരിഗണിക്കുക.(6)താൽപര്യമുള്ള ഉദ്യോഗാർഥികൾ അവരുടെ അപേക്ഷകൾ അച്ചടിച്ച ഫോറത്തിൽ തങ്ങളുടെ ജില്ല അമീർ/തദ്ദേശ അമീർ/ജമാഅത്ത് സ്വദ്ർ/മുബല്ലിഗ് ഇൻചാർജ് എന്നിവരുടെ സാക്ഷ്യത്തോടെ-അതിൽ ഒപ്പും സീലുമുണ്ടാകണം-അയക്കാവുന്നതാണ്.(7)ഇൻർവ്യൂവിൽ വിജയിക്കുന്ന ഉദ്യോഗാർഥി ഖാദിയാനിലെ നൂർ ആശുപത്രിയിൽ പരിശോധനയ്ക്ക് വിധേയനാകേണ്ടതാണ്. നൂറു ഹോസ്പിറ്റലിന്റെ വൈദ്യബോർഡിന്റെ റിപ്പോർട്ടനുസരിച്ച് യോഗ്യതയുള്ളവരായിരിക്കുംതിരഞ്ഞെടുക്കപ്പെടുക.(8)സെലക്ഷൻ കിട്ടിക്കഴിഞ്ഞാൽ ഉദ്യോഗാർഥി താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്. (9)വരാനും പോകാനുമുള്ള എല്ലാ ചെലവുകളും ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.(10) അപേക്ഷാഫോറം നള്വാറത്ത് ദീവാനിൽനിന്ന് വാങ്ങാവുന്നതാണ്.(11)ഉദ്യോഗാർഥി ഇന്റർവ്യൂന് ഹാജരാകുമ്പോൾ അസൽ സർട്ടിഫിക്കറ്റുകൾ കൊണ്ടുവരേണ്ടതാണ്.

നോട്ട്:എഴുത്തു പരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും തിയതികൾ പിന്നീട് അറിയിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
Nazarath Deevan,Sadr Anjuman Ahmadiyya
Qadian Pin:143516
മൊബൈൽ: 09646351280/09682587713
ഓഫീസ്: 01872-501130

---

(പേജ് 6 ൽനിന്ന്)


കാര്യം ശ്രദ്ധക്കുക. കാര്യങ്ങൾ മനസ്സിലാക്കാൻ പ്രായത്തിലുള്ള കുട്ടികളോടു ജൽസയുടെ പരിപാടികൾ നടക്കുമ്പോൾ നിശബ്ദതയോടെ ഇരിക്കണമെന്ന് പറയുക. ചെറുപ്പത്തിലുള്ള തർബിയ്യത്തുതന്നെയാണ് മനസ്സിൽ ഉറച്ചു നില്ക്കുക. കുട്ടികൾക്കു വേണ്ടിയുള്ള പന്തലിൽ ഇരിക്കുന്ന സ്ത്രീകളും ആവശ്യമുള്ള കാര്യങ്ങൾ മാത്രം പറയാനും പരിപാടികൾ ശ്രദ്ധയോടെ കേൾക്കാനും പറയുക. കുട്ടികളെക്കാൾ കൂടുതൽ സ്ത്രീകൾ അവരുടെ മറവിൽ ഒരുപാടു ബഹളം വെക്കുന്നുണ്ടെന്ന് പരാതി ലഭിക്കാറുണ്ട്. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

അതുപോലെ പുരുഷന്മാരുടെ പന്തലിലും സ്ത്രീകളുടെ പന്തലിലും സുരക്ഷ മുൻനിറുത്തി ചുറ്റുപാടും ദൃഷ്ടിപ്പതിപ്പിക്കേണ്ടതാണ്. അതുമുഖേന ഒരുപാട് സുരക്ഷാ ക്രമീകരണങ്ങൾ സാധ്യമാകുന്നതാണ്. അതുപോലെ പ്രോഗ്രാമിൽ എഴുതിയിട്ടുള്ള മാർഗനിർദേശങ്ങളും നല്ലവണ്ണം വായിക്കുക. അവ പ്രാവർത്തികമാക്കുക. അല്ലാഹു എല്ലാവർക്കും ജൽസയിൽനിന്ന് നല്ല നിലയിൽ ഫലമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. സകല ഉപദ്രവങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. തന്റെ കാരുണ്യവർഷം നടത്തുമാറാകട്ടെ.

---

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)**



tectona
feel more confidence
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

THE WEEKLY
AL HAKAM
www.alhakam.org

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**2015 ജൂൺ 08 തിങ്കളാഴ്ച**

**വാല്യം 8 ലക്കം 34 പേജ് 12 കോളം 3-ൽനിന്ന് തുടർച്ച.....**

ഹുദൂർ അൻവർ:നമ്മൾ നബി(സ)തിരുമേനിയെ അംഗീകരിക്കുന്നില്ലെന്നത് നഊദുബില്ലാഹ് നമ്മുടെ ജമാഅത്തിന്റെമേൽ അതിഗുരുതരമായ വ്യാജാരോപണമാണ്. എന്നാൽ, നമ്മുടെയടുത്തു വന്നു നോക്കാൻ നമ്മൾ അവരെ ക്ഷണിക്കുന്നു. ഖാത്തമുന്നബിയ്യീനെ കുറിച്ചുള്ള നമ്മുടെ ശരിയായ സ്ഥാനമെന്താണെന്ന് ചർച്ച ചെയ്യട്ടെ. ആരാണ് ശരി തെറ്റിലെന്ന് ലോകത്തിനാകമാനം മനസ്സിലാകും. എന്നാൽ, എതിരാളികൾ നമ്മളോട് സംസാരിക്കാൻ തന്നെ തയ്യാറാകുന്നില്ല. കാരണം, ഇവരുടെയടുക്കൽ തെളിവൊന്നുമില്ല.

റാഗിബ് സാഹിബ്:ഇതു സംബന്ധമായി ഹുദൂർ നല്കിയ ജുമുഅ ഖുത്ബ ഞങ്ങളെ വളരെ ആകർഷിച്ചു. അഹ്മദികൾ നബി(സ)തിരുമേനിയിൽനിന്നു വേറിട്ടവരാണെന്ന് ജനങ്ങൾ പറഞ്ഞാലും ഹുദൂറിന്റെ വെള്ളിയാഴ്ച ഖുത്ബ മുഖേന എന്റെ ഹൃദയത്തിൽ നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുകയുണ്ടായി.

ജമാഅത്തിന്റെ സത്യത ബോധ്യമായിക്കഴിഞ്ഞു. ജൽസയുടെ ഒടുവിൽ നടന്ന ബയ്അത്ത് പരിപാടിയിൽ പങ്കെടുക്കാൻ എനിക്കു സാധിച്ചില്ല. ആരോഗ്യം ശരിയല്ലാത്തതാണ് കാരണം. രക്തസമ്മർദം വർധിച്ചിരുന്നു. എന്നാൽ, ഇപ്പോഴും ഞാനെന്നെ അഹ്മദി എന്ന് കരുതുന്നു. എനിക്ക്സുഖമില്ലാതായപ്പോൾ എന്നെ പരിചരിക്കാൻ ജൽസാ ഗാഹിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന 4 ഡോക്ടർമാർ വന്നു. എന്നെ കൂടുതൽ ശ്രദ്ധിച്ചു. ഇക്കാര്യം എന്നെ വളരെയധികം ആകൃഷ്ടനാക്കി.

സംഘാംഗമായ അലി കവാച്ചി സാഹിബ് പറയുന്നു:ആദ്യമായാണ് ജൽസയുടെ ഭാഗമായത്. മുമ്പേ വരാൻ സാധിക്കാത്തതിലും ഇത്രയും കാലം താമസിപ്പിച്ചതിലും എനിക്ക് വളരെ വ്യസനമുണ്ട്.

ഈ ജൽസയുടെ ഭാഗമായതിൽ വളരെ സന്തോഷമുണ്ട്. എനിക്ക് മന:ശ്ശാന്തി കൈവന്നു. ആതിഥേയത്വം വളരെ മികച്ചതായിരുന്നു. ലോകത്ത് ഈ സമയത്ത് കേവലം തർക്കവിതർക്കങ്ങളും സംഘർഷങ്ങളും മാത്രമാണ്. എന്നാൽ, നിങ്ങളുടെ ഇടയിൽ നിലനില്ക്കുന്ന ഐക്യം ലോകത്ത് മറ്റെവിടേയും ദൃശ്യമല്ല.

ജൽസയെ കുറിച്ച് എന്നോട് സൂചിപ്പിച്ചപ്പോൾ എനിക്കൊരു കണക്കുക്കൂട്ടലുണ്ടായിരുന്നു. എന്നാൽ, ഇത്ര മഹോന്നതമായ നിലവാരത്തിലായിരിക്കുമെന്ന് ചിന്തിച്ചിരുന്നില്ല. എന്തെങ്കിലും ഒരു ചെറിയ കാര്യമുണ്ടായാലും അവിടെയുള്ള പ്രവർത്തകർ വളരെ നല്ല രൂപത്തിൽ അത് പരിഹരിക്കുമായിരുന്നു. ഇത്രയധികം പേർക്ക് ഭക്ഷണം നല്കാനുള്ള സംവിധാനം വളരെ വിസ്മയിപ്പിക്കുന്നതായിരുന്നു. ജനങ്ങളിവിടെ വരണമെന്നതാണ് അനിവാര്യമായ കാര്യം. ഇസ്ലാമിന്റെ യഥാർഥ മുഖം ദർശിക്കുക. ഈ പുതിയ ആത്മീയ ലോകം നോക്കുക.

മോണ്ടിനെഗ്രോയിൽ ജമാഅത്തിനെ സുസ്ഥിരമാക്കലും മിഷന്റെ സ്ഥാപനവും വളരെ അനിവാര്യമാണ്.

ഹുദൂർ അൻവർ:ജമാഅത്ത് രജിസ്റ്റർ ചെയ്തു കഴിയുകയും സെന്റർ സ്ഥാപിതമാകുകയും ചെയ്യുമ്പോൾ ജനങ്ങൾ നേരിട്ട് കാണുന്നതായിരിക്കും.

മോണ്ടിനെഗ്രോയിൽ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക. ഏതു മാർഗേണയും ഇസ്ലാമിനെ വ്യാപിപ്പിക്കലാണ് നമ്മുടെ ദൗത്യം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടം മുതൽത്തന്നെ ഇസ്ലാമിന്റെ പ്രചാരണപരമായ പൂർത്തീകരണം നടക്കുന്നുണ്ട്. സന്മാർഗം മുമ്പേതന്നെ പൂർണത പ്രാപിച്ചിരുന്നു. ഇത് ഇസ്ലാമിന്റെ പ്രചാരണപരമായ പൂർണതയുടെ കാലഘട്ടമാണ്. മൗലവിമാർ ദീനിനെ വികൃതമാക്കിയിരിക്കുന്നു. ഓരോ മൗലവിയും പറയുന്നത് തന്റെ ദീൻ വളരെ നല്ലതാണെന്നാണ്. യഥാർഥ ദീൻ ഖുർആനാണ്. സ്ഥിരീകരിക്കപ്പെട്ട ഹദീഥുകളാണ്. നബി(സ)തിരുമേനിയുടെ ചര്യകളാണ്. ഇതു തന്നെയാണ് ഇസ്ലാമും. മൗലവി സ്വന്തമായി നിർമിച്ചെടുക്കുന്നതല്ല.

അലി കാവാച്ചി സാഹിബ്: ജർമനിയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രസിദ്ധി വളരെ സുസ്ഥിരമാണ്. ഇതിൽ ഞാൻ വളരെ ആകൃഷ്ടനാണ്. ജർമൻ ഭരണകൂടം അഹ്മദിയ്യാ ജമാഅത്തിനെ വളരെ മതിപ്പോടെയാണ് കാണുന്നത്.

ഹുദൂർ അൻവർ:അഹ്മദിയ്യാ ജമാഅത്ത് അടിസ്ഥാനപരമായി യഥാർഥ ഇസ്ലാമിന്റെ അധ്യാപനമാണ് സമർപ്പിക്കുന്നത്. അതുകൊണ്ട് ജമാഅത്തിന് സൽപ്പേരുണ്ട്. ഇസ്ലാമിന്റെ യഥാർഥ മുഖം കാണിക്കപ്പെടുന്നിടത്തെല്ലാം ജനങ്ങളുടെമേൽ അനിവാര്യമായും സന്തോഷദായകമായ സ്വാധീനമു ണ്ടാകുന്നു. എന്നാൽ, ഇസ്ലാമിന്റെ പ്രസിദ്ധി തീവ്രവാദവിഭാഗങ്ങളുടെ ഭാഗത്ത് നിന്നാവുമ്പോൾ അനിവാര്യമായും വളരെ മോശമായ പ്രതികരണവുമുണ്ടാകുന്നു.

അല്ലാഹു അങ്ങയ്ക്ക് ആയുരാരോഗ്യം പ്രദാനം ചെയ്യുന്നതിന് ദുആ ചെയ്യുന്നു. ജമാഅത്തുമായുള്ള ബന്ധം നല്ലരീതിയിൽ നിർവഹിക്കാനും ജമാഅത്തിന്റെ ദൗത്യങ്ങളിൽ സഹായിയാകാനും തുണയ്ക്കുമാറാകട്ടെ. വിജയത്തിനുവേണ്ടി അങ്ങയുടെ പ്രാർഥനയും വളരെ അനിവാര്യമാണ്. അല്ലാഹു അങ്ങയുടെ സംരക്ഷകനും സഹായിയും ആകുമാറാകട്ടെ. കൂടുതൽ വഴികൾ അങ്ങയ്ക്കുവേണ്ടി തുറക്കപ്പെടുമാറാകട്ടെ.

അലി കാവാച്ചി സാഹിബ്:ഞാനെന്നെ അഹ്മദി എന്നാണ് കരുതുന്നത്.

മോണ്ടിനെഗ്രോ സംഘവുമായുള്ള ഈ കൂടിക്കാഴ്ച ഉച്ചകഴിഞ്ഞ് ഒരു മണിക്കാണ് അവസാനിച്ചത്. കൂടിക്കാഴ്ചയുടെ ഒടുവിൽ എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി.

**മർഹൂം മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് ശഹീദ് സാഹിബിന്റെ കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച**

കൂടിക്കാഴ്ചക്കുശേഷം ഹുദൂർ ഓഫീസിൽ പോയി. മർഹൂം മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് സാഹിബ് ശഹീദിന്റെ കുടുംബം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

2012 മാർച്ച് 30ന് പോലീസിന്റെ കിരാതമായ മർദനത്തെ തുടർന്ന് മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് സാഹിബ് രക്തസാക്ഷിയായി. ശഹീദ് മർഹൂം റബ്വയിലെ പ്രൈമറി സ്കൂളിൽ അധ്യാപകനായിരുന്നു. ഒരു കൊപാതക പ്രശ്നത്തിൽ വ്യാജക്കേസ് ചമച്ച് അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയും നിഷ്കരുണം അദ്ദേഹത്തെ മർദിച്ചവശനാക്കുകയും ചെയ്തു. ദേഹോപദ്രവം സഹിക്കാനാവാതെ അദ്ദേഹം തന്റെ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരായി.

വിവിധ രാജ്യങ്ങളിൽനിന്നു വന്ന മുബല്ലിഗുമാരുമായുള്ള ഹുദൂറിന്റെ കൂടിക്കാഴ്ച

അതിനുശേഷം വിദേശ രാജ്യങ്ങളായ മാലി, നൈജീരിയ, ബ്രസീൽ, താതാരിസ്താൻ, ലിഥ്വാനിയ, താജിക്കിസ്താൻ എന്നീ രാജ്യങ്ങളിൽനിന്ന് വന്ന ആദരണീയരായ മുബല്ലിഗുമാർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

ഹുദൂർ അയ്ദഹുല്ലാഹ് അവരുടെ ജോലിയും പ്രോഗ്രാമുകളുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ വിലയിരുത്തുകയും ഉപദേശനിർദേശങ്ങൾ നല്കുകയും ചെയ്തു. വിവിധ കാര്യങ്ങളെ സംബന്ധിച്ച് മാർഗനിർദേശങ്ങളും നല്കുകയുണ്ടായി.

അവസാനം എല്ലാ മുബല്ലിഗുമാരും തങ്ങളുടെ പ്രിയപ്പെട്ട യജമാനരോടൊപ്പം ഫോട്ടോ എടുക്കാനുള്ള ഭാഗ്യവും കരസ്ഥമാക്കി.

* അതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് മസ്ജിദിൽവന്ന് ളുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾ ജംആക്കിനമസ്കരിപ്പിച്ചു.

**നിക്കാഹിന്റെ വിളംബരം:**

* നമസ്കാരങ്ങൾ നിർവഹിച്ചതിനുശേഷം ഹുദൂർ അയ്യഹദുല്ലാഹ് എഴു നിക്കാഹ് വിളംബരം ചെയ്തു.

തശഹ്ഹുദിനും തഅവ്വുദിനും നിക്കാഹിന്റെ സുന്നത്താക്കപ്പെട്ട ഖുർആനിക വചനങ്ങളും ഓതിയതിനുശേഷം ഹുദൂർ പറഞ്ഞു:ഈ നേരത്ത് ഞാൻ ചില നിക്കാഹുകൾ വിളംബരം ചെയ്യുകയാണ്. വിവാഹവും കല്യാണവുമൊക്കെ സന്തോഷത്തിന്റെ അവസരങ്ങളാണ്. ആൺകുട്ടിയ്ക്കും പെൺകുട്ടിയ്ക്കും. ഇരു വീട്ടുകാർക്കും. അവരുടെ ബന്ധമിത്രാദികൾക്കും. പക്ഷേ, ഈ സന്തോഷത്തിന്റെ യാഥാർഥ്യം

### • ഹദീഥുന്നബ്വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

### • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)

ത്വാലിബെ ദുആ:
C.K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

പ്രകടമാകുന്നതും ഫലപ്രദമാകുന്നതും ഈ സന്തോഷത്തിന്റെ അവസരത്തിലും അല്ലാഹുവിന്റെ കല്പനകൾ പാലിച്ചുനടന്ന് അവനെ സ്മരിക്കുമ്പോഴാണ്. അവന്റെ കൽപനകൾ ഓർമിക്കുമ്പോഴാണ്. തങ്ങളുടെ മനസ്സുകളെ തഖ്‌വാ അഥവാ ഭക്തികൊണ്ടു നിറച്ചുവെക്കുമ്പോഴാണ്.

ഹദുർ അയ്യദഹുല്ലാഹ് പറഞ്ഞു:തിലാവത്ത് ചെയ്യപ്പെട്ട ഈ ആയത്തുകളിൽ അല്ലാഹു ഈ ഉപദേശമാണ് ആവർത്തിച്ച് പറഞ്ഞിട്ടുള്ളത്. തഖ്‌വയുണ്ടെങ്കിൽ പരസ്പരം രക്തബന്ധങ്ങളും നിലനിറുത്തും. പരസ്പര വിശ്വാസങ്ങൾക്ക് ശക്തിയേകാൻ പരിശ്രമിക്കുന്നതായിരിക്കും. വിശ്വാസം നിലനിറുത്താനും പരിശ്രമിക്കുന്നതായിരിക്കും. ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:ഭാര്യയിലും ഭർത്താവിലും വിശ്വാസമില്ലാത്തിടത്തോളം ബന്ധം നിലനില്ക്കുകയില്ല. അവർ എല്ലാ തെറ്റുകളിൽനിന്നും മോചിതരാണെന്ന് ആരും വിചാരിക്കരുത്. കുറ്റങ്ങളും കുറവുകളും എല്ലാ ഓരോരുത്തരിലുമുണ്ട്. അതുകൊണ്ട് എന്റെ ഇന്ന കുറ്റം പ്രകടമായെന്നു പറയുന്നതുകൊണ്ട് നമ്മുടെ ബന്ധം നിലനില്ക്കുന്നതല്ലെന്ന് പറയുന്നത് ശരിയല്ല. ബന്ധങ്ങൾ നിലനിറുത്തുന്നതിന് സത്യസന്ധത കല്പനയാണ്. അതുകൊണ്ട് സത്യസന്ധതയുടെ തേട്ടം ബന്ധങ്ങൾ ഉറപ്പിക്കുമ്പോൾ, അതിനുശേഷവും എന്തെങ്കിലും കുറവോ ന്യൂനതയോ ഉണ്ടായാൽ അല്ലെങ്കിൽ തെറ്റു സംഭവിച്ചാൽ വിശ്വാസത്തിലെടുത്തുകൊണ്ട് സത്യസന്ധതയിൽ നിലനിന്നുകൊണ്ട് അതിനെ പരസ്പരം വെളിപ്പെടുത്തുക. സഹിക്കാനുള്ള ധാതു ഇരുവരിലുമുണ്ടാകേണ്ടതാണ്. സഹിക്കുക. മാപ്പുകൊടുക്കാൻ ശ്രമിക്കുക. വിട്ടുവീഴ്ച ചെയ്യാൻ പരിശ്രമിക്കുക. ഇതുണ്ടാകുകയാണെങ്കിൽ ബന്ധങ്ങളിൽ വിശ്വാസമുണ്ടാകുമെന്ന് മാത്രമല്ല പ്രത്യുത സ്നേഹവും അനുരക്തിയും വർധിക്കുന്നതുമാണ്. ആ ബന്ധം പിന്നീട് എന്നെന്നും നിലനില്ക്കുന്നതായിത്തീരുകയും ചെയ്യും.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഇവിടെ ഞാൻ വരുമ്പോഴെല്ലാം നിക്കാഹ് ഖുത്‌ബ നിർവഹിക്കണമെന്ന് ആളുകൾ വളരെ തീവ്രമായി ആഗ്രഹിക്കാറുണ്ട്. പക്ഷേ, ധാരാളം ബന്ധങ്ങളുണ്ട്, നിക്കാഹ് കർമം എന്നെക്കൊണ്ട് ചെയ്യിപ്പിക്കും. പക്ഷേ, കുറച്ചുമാസങ്ങൾപോലും ആ ബന്ധം നിലനില്ക്കുന്നില്ല. എന്നെക്കൊണ്ട് നിക്കാഹ് കർമം നിർവഹിപ്പിക്കുന്നതല്ല. യഥാർഥകാര്യമെന്ന് പറയുന്നത് അല്ലാഹുവിന്റെ കൽപനയനുസരിച്ച് നടന്നുകൊണ്ട് തങ്ങളുടെ ബന്ധങ്ങളെ എല്ലാ അടിസ്ഥനത്തിലും നിലനിറുത്താൻ ശ്രമിക്കുക എന്നതാണ്. പിന്നെ ഇതുമാത്രമല്ല. പ്രത്യുത ഭാവിതലമുറയേയും വിചാരിക്കേണ്ടതാണ്. അവസാന ആയത്തിൽ ഇക്കാര്യമാണ് പറയപ്പെട്ടിട്ടുള്ളത്. നിങ്ങൾ നിങ്ങളുടെ കർമങ്ങളെ മനോഹരമായ നിലയിൽ നിർവഹിച്ച് ഭാവിയിലേക്ക് നന്മകൾ സ്വരുക്കൂട്ടുക. അടുത്ത ലോകത്തെ കുറിച്ച് ചിന്തിക്കുക. അതിനോടൊപ്പം നിങ്ങളുടെ ഭാവിയായ നിങ്ങളുടെ മക്കൾ, അവർ നിങ്ങളുടെ നാളെയാണ്, അവരെ കുറിച്ചും ചിന്തിക്കുക. അവരുടെ ശിക്ഷണം നല്ലരീതിയിൽ നടത്തുക. ആ ശിക്ഷണം സാധ്യമാകുന്നത് മനുഷ്യൻ സ്വയമേവ തഖ്‌വയിലൂടെ നടന്നുകൊണ്ട് ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കുമ്പോഴാണ്. ഭാര്യയും ഭർത്താവും തങ്ങളുടെ വീടിന്റെ അന്തരീക്ഷത്തെ മനോഹരവും ഭംഗിയുള്ളതുമാക്കി വെക്കാൻ ശ്രമിക്കുമ്പോഴാണ്. ഇപ്രകാരം തന്നെ പരസ്പരമുള്ള ബന്ധങ്ങളോടുള്ള കടമകളും നിറവേറ്റാൻ ശ്രമിക്കുമ്പോഴാണ്. ഇന്ന് സ്ഥാപിതമാകാൻ പോകുന്ന ഈ വിവാഹബന്ധങ്ങളുമായി ബന്ധപ്പെട്ടവർ ഇക്കാര്യങ്ങൾ ശ്രദ്ധിക്കുന്നവരാകട്ടെ. ഇതിനുശേഷം ഞാൻ നിക്കാഹുകളുടെ വിളംബരം നടത്തുകയാണ്.

1. അസീസ ശാഹിദ മഗ്ഫൂർ ബിൻത് മുകർറം മഗ്ഫൂർ അഹ്മദ് സാഹബിന്റെ നിക്കാഹ് അസീസംസഫീറുർറഹ്മാൻ നാസിർ(മുബല്ലിഗ് ജർമനി)ഇബ്നു മുകർറം അബ്ദുർറഹ്മാൻ നാസിർ സാഹിബുമായി ഉറപ്പിച്ചിരിക്കുന്നു.
2. അസീസ വജീഹ അൻവർ(വാഖ്ഫയെ നൗ) ബിൻത് മുകർറം റഫീഖുർറഹ്മാൻ അൻവർ സാഹിബിന്റെ നിക്കാഹ് അസീസം ആസിംബിലാൽ ആരിഫ്(വാഖ്ഫെ നൗ)ഇബ്നു മുകർറം നസീർ അഹ്മദ് ആരിഫു സാഹിബുമായി ഉറപ്പിച്ചിരിക്കുന്നു.
3. അസീസ നൂരീൻ ഫാറൂഖ്(വാഖ്ഫയെ നൗ)ബിൻത് മുകർറം ആസിഫ് ഫാറൂഖ് സാഹിബിന്റെ നിക്കാഹ് അസീസം നുഅ്മാൻ ഖാലിദ്(മുത്തഅല്ലിം ജാമിഅ അഹ്മദിയ്യ ജർമനി) ഇബ്നു മുകർറം ഖാലിദ് മഹ്മൂദ് സാഹിബുമായി ഉറപ്പിച്ചിരിക്കുന്നു.
4. അസീസ ഥൗബാന നയീം(വാഖ്ഫയെ നൗ) ബിൻത് മുകർറം നയീം അഹ്മദ് ബാജ്‌വാ സാഹിബിന്റെ നിക്കാഹ്, അസീസം ഹസീബ് അഹ്മദ് (മുത്തഅല്ലിം ജാമിഅ അഹ്മദിയ്യ ജർമനി)ഇബ്നു മുകർറം മുബാറക് അഹ്മദ് ഘുമ്മൻ സഹിബുമായി ഉറപ്പിച്ചിരിക്കുന്നു.
5. അസീസ അമത്തുൽഹാദീ ആലിയ നൂർ ഹുബ്ശ്(വാഖ്ഫയെ നൗ)ബിൻത് മുകർറം ഹിദായത്തുല്ലാഹ് ഹുബ്ശ് സാഹിബിന്റെ നിക്കാഹ്, അസീസം ത്വാഹിർ നദീം ചൗദരീ (വഖ്ഫെ നൗ) ഇബ്നു മുകർറം നൂറുദ്ദീൻ ചൗദരീ സഹിബുമായി ഉറപ്പിച്ചിരിക്കുന്നു.
6. അസീസ ദുർറെ അജം ലോൺ(വാഖ്ഫയെ നൗ)ബിൻത് മുകർറം സയീദ് അഹ്മദ് ലോൺ സാഹിബിന്റെ നിക്കാഹ്, അസീസം മുഹമ്മദ് സർതിശ്ത് ഹുബ്ശ് ഇബ്നു മുകർറം ഹിദായത്തുല്ലാഹ് ഹുബ്ശ് സഹിബുമായി ഉറപ്പിച്ചിരിക്കുന്നു.
7. അസീസ സ്വാഇമ അൻഅം ബാജ്‌വാ (വാഖ്ഫയെ നൗ)ബിൻത് മുകർറം ത്വാഹിർ അഹ്മദ് ബാജ്‌വാ സാഹിബിന്റെ നിക്കാഹ്, അസീസം മുഹമ്മദ് അത്ഹർ കാഹ്‌ലൂൻ(വഖ്ഫെ നൗ) ഇബ്നു മുകർറം മുഹമ്മദ് അസ്ഗർ കാഹ്‌ലൂൻ സഹിബുമായി ഉറപ്പിച്ചിരിക്കുന്നു.

* ഈ നിക്കാഹുകളുടെ വിളംബരത്തിനു ശേഷം ഹുദൂർ അൻവർ അയ്യദഹുല്ലാഹ് ദുആ ചെയ്യിച്ചു. ദുആയ്ക്കുശേഷം ഹുദൂർ അൻവർ അയ്യദഹുല്ലാഹ് ഇരുകക്ഷികളേയും ഹസ്തദാനം ചെയ്തു. അതിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് മടങ്ങി.

ബൽഗേറിയായിൽനിന്നു വന്ന സംഘവുമായി കൂടിക്കാഴ്ച

* പരിപാടിയനുസരിച്ച് 6 മണിക്ക് ഹുദൂർ അയ്യദഹുല്ലാഹ് മസ്ജിദ് ഹാളിലെത്തി. അവിടെ ബൽഗേറിയ രാജ്യത്തുനിന്നു വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

ബെൽഗേറിയായിൽനിന്ന് ഈ വർഷം 76 പേരടങ്ങുന്ന സംഘമാണ് ജൽസാസാലായിൽ പങ്കെടുത്തത്. ഇവരിൽ 50 പേർ 30 മണിക്കൂറിലധികം യാത്ര ചെയ്താണെത്തിയത്. ഈ സംഘം 43 പേർ ക്രിസ്ത്യാനികളും അനഹ്മദികളും അടങ്ങുന്നതായിരുന്നു.

ഹുദൂർ അൻവർ സംഘത്തിലുള്ളവരുടെ സുഖവിവരങ്ങളന്വേഷിച്ചു. ജൽസാ എങ്ങനെയുണ്ടായിരുന്നു. എന്താണ് നിങ്ങളുടെ അഭിപ്രായം?

സംഘത്തിലെ ഒരാൾ പറഞ്ഞു:ഞാൻ മുമ്പേയും ജൽസയിൽ പങ്കെടുത്തിട്ടുള്ളതാണ്. ഇപ്രാവശ്യം വളരെ നന്നായിരുന്നു. ജൽസയുടെ എല്ലാ ഒരുക്കങ്ങളും ഉന്നത നിലവാരത്തിലുള്ളതായിരുന്നു. ഞങ്ങൾ പ്രസംഗങ്ങൾ വളരെ ശ്രദ്ധിച്ചു കേട്ടു. ഹദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ ഞങ്ങളിൽ അഗാധമായ സ്വാധീനമാണുണ്ടാക്കിയത്. അഹ്മദിയ്യ ജമാഅത്ത് ലോകത്തെ തിന്മകളിൽനിന്ന് തടയാനും ലോകത്ത് സമാധാനം സ്ഥാപിക്കാനും പോസ്റ്റീവായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്.

* ജാമിഅ അഹ്മദിയ്യ ജർമനിയിൽ ഒരു ബൽഗേറിയൻ വിദ്യാർഥി അസീസം അബ്ദുല്ലാഹ് പഠിച്ചുകൊണ്ടിരിക്കുകയാണ്. ആ കുട്ടിയുടെ മാതാപിതാക്കൾ ചോദിച്ചു:അബ്ദുല്ലാഹ് നല്ലവണ്ണം പഠിക്കുന്നുണ്ടോ?

അപ്പോൾ ഹുദൂർ പറഞ്ഞു: എതൊന്നാണോ അവൻ പഠിക്കുന്നത് അത് വളരെ നല്ലതുതന്നെയാണ്. എത്രത്തോളം പഠിച്ചുവെന്നതിനെ കുറിച്ചറിയില്ല. എന്തായാലും ജാമിഅ വിദ്യഭ്യാസം പൂർത്തിയാക്കിയതിനുശേഷം അവന് പരിശീലനവും നല്കുന്നതായിരിക്കും. ഞാൻ പ്രതീക്ഷിക്കുന്നത് അവൻ ബൽഗേറിയ്ക്ക് നല്ല മുബല്ലിഗായിരിക്കുമെന്നാണ്. അല്ലാഹു അവന് തൗഫീഖ് നല്കുമാറാകട്ടെ, വിനയത്തോടെ തന്റെ വഖ്ഫിന്റെ കടമനിർവഹിക്കുന്നവനാകട്ടെ. അബ്ദുല്ലായുടെ പിതാവ് ഇബ്റാഹീം സാഹിബ് തന്റെ മകൻ മുബല്ലിഗാണെന്ന് പറഞ്ഞ് ഒരുനാൾ അഭിമാനിക്കുന്നതായിരിക്കും.

അബ്ദുല്ലായുടെ മാതാവ് പറഞ്ഞു:എനിക്കെന്റെ മകന് ജമാഅത്തിന് പ്രയോജനപ്പെടുന്ന ഒരു ബന്ധം വേണം. പാക്കിസ്താനീ പെൺകുട്ടിയായാലും മറ്റു ഏതു രാജ്യക്കാരിയായിലും വേണ്ടില്ല. ജമാഅത്തിന് ഖയ്റായിരിക്കുന്ന നല്ല ബന്ധമാണ് വേണ്ടത്.

* ഒരു സ്ത്രീ പറഞ്ഞു:ഞാൻ യമനുമായി ബന്ധപ്പെട്ടവളാണ്. ബെൽഗേറിയായിൽ പി.എച്ച്.ഡി ചെയ്തു വരുന്നു. ഏതൊരു അധ്യാപനമാണോ ഹുദൂർ വിവരിച്ചത്, ആരാണോ തന്നെ മുസ്‌ലിം എന്നുപറയുന്നത് അവൻ മുസ്‌ലിമാണ്. ഈ അധ്യാപനം എന്നെ വല്ലാതെ സ്വാധീനിച്ചു. ഇതു ലോകത്ത് സമാധാനം സ്ഥാപിക്കാൻ കഴിയുന്ന അധ്യാപനമാണ്. അവർ ചോദിച്ചു: അല്ലാഹുവിന്റെ വഴിയിൽ ശഹീദാകുന്നവർ ജീവിച്ചിരിക്കുന്നവരാണെന്നും ദൈവസവിധത്തിൽ നിന്ന് അവർക്ക് ഭക്ഷണം നല്കപ്പെടുന്നുവെന്നും വിശുദ്ധ ഖുർആനിൽ എഴുതിയിരിക്കുന്നു. അതിന്റെ അർഥമെന്താണ്? ഈ ചോദ്യത്തിന് ഉത്തരമായി ഹുദൂർ പറഞ്ഞു:പാക്കിസ്താനിൽ നമ്മുടെ ഒരുപാടാളുകൾ ശഹീദാക്കപ്പെട്ടിരിക്കുന്നു. അവർ മതത്തിനു വേണ്ടിയാണ് ജീവൻ നല്കിയത്. സത്യതയിൽ നിലകൊണ്ടു. സത്യത്തെ തിരിച്ചറിഞ്ഞു. തങ്ങളുടെ മതത്തിനുവേണ്ടി, തങ്ങളുടെ ദീനിനുവേണ്ടി ജീവൻ നല്കുകയാണെങ്കിൽ അല്ലാഹു ഒരിക്കലും നഷ്ടപ്പെടുത്തുകയില്ല.

ഹുദൂർ അൻവർ പറഞ്ഞു:ഈ ജീവിതം താൽക്കാലികമാണ്. യഥാർഥ ജീവിതം പരലോക ജീവിതമാണ്. അത് മരിച്ചതിനുശേഷമാണ് ലഭിക്കുന്നത്. നല്കപ്പെടുന്ന രിസ്ഖ് അഥവാ ജീവിതവിഭവം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതായിരിക്കും. ദർജകൾ ഉയരുന്നതായിരിക്കും. അതിനെ അളക്കാൻ ആർക്കും സാധിക്കുകയില്ല. ശുഹദാഇന്റെ സന്താനപരമ്പരയും അതിൽനിന്ന് ഫലമെടുക്കുന്നതായിരിക്കും. ഭൗതികമായ നിലയിൽ വളരെമുമ്പിൽ പോകുന്നതാണ്.

ശുഹദാഇനെ കുറിച്ച് അല്ലാഹു അവർ ജീവിച്ചിരിക്കുന്നവരാണെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം അവരുടെ കർമം എന്നെന്നും ജീവിച്ചിരിക്കുമെന്നാണ്. ഏതൊരു ദീനിനുവേണ്ടിയാണോ അവർ ത്യാഗങ്ങൾ വരിച്ചത് ആ ദീനിൽ മറ്റു ജീവിതങ്ങളും ഉണ്ടാകുന്നതായിരിക്കും. മഹ

ത്തായ വിജയമുണ്ടാകുന്നതായിരിക്കും. അസാധാരണമായ വിജയങ്ങളുണ്ടാകുന്നതായിരിക്കും. ആ ശുഹദാഇന്റെ സന്താനങ്ങളും ഫലമെടുക്കുന്നതായിരിക്കും.

* ഹുദൂർ അൻവർ പറഞ്ഞു:യമനിന്റെ അവസ്ഥകളുണ്ടല്ലോ- മുസ്ലിമീങ്ങൾ പരസ്പരം കൊന്നുകൊണ്ടിരിക്കുകയാണ്, പരസ്പരം കഴുത്തുകൾ അരിഞ്ഞിടുകയാണ്- അല്ലാഹു അവരോടു എന്താണ് ചെയ്യേണ്ടതെന്ന് അവനുതന്നെ അറിയുകയുള്ളു.

അതേ!ഒരു ജനതയ്ക്കെതിരെ യുദ്ധം അടിച്ചേൽപിച്ചാൽ അവരെ യുദ്ധം ചെയ്യാൻ നിർബന്ധിച്ചാൽ പിന്നീട് അവർ തങ്ങളുടെ പ്രതിരോധക്രിയയിൽ തങ്ങളുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ആയുധമെടുക്കുകയും സ്വയം പ്രതിരോധിച്ചുകൊണ്ട് ആരെങ്കിലുംമരിക്കുകയും ചെയ്താൽ അയാൾ ശഹീദാണ്.

ഇപ്പോൾ യമനിൽ യുദ്ധം നടന്നുകൊണ്ടിരിക്കുകയാണ്. ശിയാക്കളും സുന്നികളും പരസ്പരം കഴുത്തറുക്കുകയാണ്. സിറിയയിൽ ശിയാക്കളും സുന്നികളും പരസ്പരം വധിക്കുകയാണ്. പരസ്പരം കഴുത്തറുക്കുകയാണ്. ഇത്തരത്തിലുള്ള അക്രമത്തിന് ഇസ്ലാമൊരിക്കലും അനുവാദം നല്കുന്നില്ല.

ഹുദൂർ പറഞ്ഞു:ഇതുകൊണ്ട് എല്ലാ മുസ്ലിമീങ്ങളേയും കക്ഷികളേയും ഒരു കൈയിൽ ഒരുമിച്ചുകൂട്ടാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) വരേണ്ടതുണ്ടായിരുന്നു. ഇനി മുസ്ലിമീങ്ങളുടെ നിലനിൽപ് വന്നമഹ്ദീ മസീഹിനെ വിശ്വസിക്കുന്നതിലാണ്.

* ചോദിക്കപ്പെട്ടു:ശഹീദുമാർ ജീവിച്ചിരിക്കുന്നവരാണ് എന്ന പ്രതിപാദനത്തിൽനിന്ന് ഹദ്റത്ത് ഈസാ(അ)ജീവിച്ചിരിക്കുന്നുണ്ടെന്ന് തെളിയിക്കാനുള്ള ശ്രമമാണ് നടക്കുന്നത്;ഹദ്റത്ത് ഈസായും ജീവിച്ചിരിക്കുന്നു. അദ്ദേഹത്തിനും ഭക്ഷണം നല്കപ്പെടുന്നുവത്രെ! ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:ഹദ്റത്ത് ഈസാ ആകാശത്ത് സ്ഥൂലശരീരത്തോടെ ജീവിച്ചിരിപ്പുണ്ടെങ്കിൽ അപ്പോൾ എല്ലാ ശഹീദുമാരും ജീവിച്ചിരിപ്പുണ്ട്. അതുകൊണ്ട് ഈ ആയത്തിനെ തെറ്റായി വ്യാഖ്യാനിക്കരുത്. ഈസാ(അ)മരിച്ചുപോയിരിക്കുന്നുവെന്നുള്ള മറ്റു ആയത്തുകളിൽ ചിന്തിക്കുക. അല്ലാഹു ആദ്യം വഫാത്തിനെക്കുറിച്ച് പറഞ്ഞു. പിന്നീട് ഉയർത്തിയതിനെ കുറിച്ചും പറഞ്ഞു. ഇനി ഈസാ ജീവിച്ചിരിക്കുകയും അദ്ദേഹത്തിന് രിസ്ഖ് നല്കപ്പെടുകയും ഇനി തിരിച്ചുവരികയും ചെയ്യുമെങ്കിൽ മറ്റു ശഹീദുമാരോടും അതേ പെരുമാറ്റം ഉണ്ടാകേണ്ടതാണ്. അപ്പോൾപ്പിന്നെ ഹദ്റത്ത് ഈസായ്ക്ക് എന്ത് പ്രത്യേകതാണുള്ളത്?

* ചോദ്യം ചോദിച്ചയാൾ പറഞ്ഞു:ഈസാ ജീവിച്ചിരിക്കുന്നു എന്ന വിശ്വാസത്തിലാണ് ഞാൻ ആദ്യമെ ഉണ്ടായിരുന്നത്. ഞാൻ ഹുദൂർ അൻവറിന്റെ പ്രസംഗങ്ങൾ കേട്ടു. ഇപ്പോൾ ഹദ്റത്ത് ഈസാ(അ)മരിച്ചുപോയി എന്ന കാര്യം എന്റെ മനസ്സിൽ ആഴത്തിൽ തറച്ചിരിക്കുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:ജീവിച്ചിരിക്കുന്ന നബി, നബി(സ)തിരുമേനിയാണ്. ജീവനുള്ള ഗ്രന്ഥം വിശുദ്ധ ഖുർആനാണ്. ജീവനുള്ള മതം ഇസ്ലാമാണ്. ഇസ്ലാമിക ശരീഅത്തുമാണ്. മരിച്ചപോയ നബിതന്നെ തിരിച്ചുവരണമെന്നാണെങ്കിൽ, ബനീഇസ്റായേലിലെ നബിതന്നെ വരണമെന്നാണെങ്കിൽ നമ്മുടെ ഹിദായത്തിന് ബനീഇസ്റായേലിലെ നബി വരിക എന്നത് നമ്മുടെ അഭിമാനം സഹിക്കുകയില്ല. അതുകൊണ്ട് മരിച്ചവരാരും തിരിച്ചു വരികയില്ല. നബി(സ)തിരുമേനിയുടെ ഉമ്മത്തിൽനിന്ന് പ്രവചനങ്ങളനുസരിച്ച് ഹദ്റത്ത് ഈസായ്ക്ക് സദൃശനായി ഏതൊരു മസീഹും മഹ്ദിയുമാണോ വരേണ്ടിയിരുന്നത് അദ്ദേഹം വന്നു കഴിഞ്ഞിരിക്കുന്നു. ഇന്ന് ലോകത്തിന്റെ മോക്ഷവും സമാധാനവും അദ്ദേഹവുമായാണ് ബന്ധപ്പെട്ട് നിൽക്കുന്നത്.

* ഒരു അതിഥി പറഞ്ഞു: ഞാൻ ക്രിസ്ത്യാനിയാണ്. ജൽസയുടെ ഓർഗനൈസേഷൻ വളരെ നല്ലതായിരുന്നു. ഞങ്ങളെ എല്ലാവിധത്തിലും നല്ലവണ്ണം ശ്രദ്ധിച്ചു.

എന്റെ ചോദ്യമിതാണ്:മുഴുലോകത്തേയും സൃഷ്ടിച്ചവൻ ഏകനാണെങ്കിൽ ആകാശത്ത് നിന്ന് മറ്റാരെങ്കിലും വന്നാൽ ലോകത്ത് കലഹമുണ്ടാകുകയില്ലേ?

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ക്രിസ്ത്യാനകൾ പിതാവ് പുത്രൻ എന്നാണ് പറയുന്നത്. ചിലഘട്ടങ്ങളിൽ പുത്രൻ വിള്ളലുണ്ടാക്കുന്നു. രണ്ടുദൈവമുണ്ടാകുകയാണെങ്കിൽ ലോകത്ത് കലഹമുണ്ടാകുന്നതായിരിക്കും. അദ്ദേഹം ആകാശത്തുനിന്ന് വന്നില്ലെങ്കിലും, ആകാശത്തുതന്നെ കുത്തിയിരുന്നാലും അവിടെനിന്ന് തന്റെ കല്പനകൾ നടപ്പാക്കിയാലും ലോകത്ത് വിള്ളലുകളും കലഹങ്ങളുമുണ്ടാകുന്നതായിരിക്കും.

ഹദ്റത്ത് ഈസാ(അ)ബനീഇസ്റാഈല്യർക്കുവേണ്ടിയാണ് വന്നത്. ബനീഇസ്റാഈലിന്റെ സംസ്കരണത്തിനാണ് വന്നത്. അദ്ദേഹം തന്റെ ജോലി പൂർത്തിയാക്കി മടങ്ങിപ്പോയി.

നബി(സ)തിരുമേനി വന്നു. പിന്നീട് ആ മഹാത്മാവിന്റെ പ്രവചനങ്ങളനുസരിച്ച് അവസാന കാലത്ത് അദ്ദേഹത്തിന്റെ അനുധാവനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നു. അദ്ദേഹത്തെ അഹ്മദിയ്യ ജമാഅത്ത് സ്വീകരിച്ചു. ഇപ്പോൾ ജമാഅത്ത് അദ്ദേഹത്തിന്റെ അധ്യാപമനുസരിച്ച് പ്രവർത്തിച്ചുവരുന്നു.

* ഒരു അതിഥി ചോദിച്ചു:ലോകത്തുള്ള സകല മതങ്ങളും സ്വർഗത്തിന്റേയും നരകത്തിന്റേയും പാഠം നല്കുന്നു. അവരിൽ ചിലർ പരസ്പരം വധിക്കുന്നവരാണ്. പരസ്പരം കഴുത്തുവെട്ടുന്നവരാണ്. ഹുദൂർ അൻവർ പറഞ്ഞു:ഒരു മതവും വധിക്കാനുള്ള പാഠം നല്കിയിട്ടില്ല. അല്ലാഹു പറഞ്ഞത്, നന്മകൾ ചെയ്താൽ പ്രതിഫലം കിട്ടുന്നതാണ്. തിന്മകൾ ചെയ്താൽ ശിക്ഷ കിട്ടുന്നതാണ്. വിശുദ്ധ ഖുർആൻ ജന്നത്താനി എന്നാണ് പറഞ്ഞിട്ടുള്ളത്. ഈ ലോകത്ത് നന്മകൾ പ്രവർത്തിക്കുന്നവർക്ക് സ്വർഗമുണ്ട്. പരലോകത്തും സ്വർഗമുണ്ട്. വധിക്കാനും കൊള്ളയടിക്കാനും പാഠം നല്കുന്നവർ, പരസ്പരം കഴുത്ത് വെട്ടാൻ പാഠം നല്കുന്നവർ ഇതെല്ലാം ശയ്ത്വാനിന്റെ പ്രവൃത്തിയാണ്. അല്ലാഹു വിശുദ്ധ ഖുർആനിന്റെ ആരംഭത്തിൽത്തന്നെ ഇതിനെക്കുറിച്ച് ആലങ്കാരികഭാഷയിൽ പറഞ്ഞിരിക്കുന്നു. നന്മകൾ ചെയ്താൽ സ്വർഗത്തിൽ പോകും. തിന്മകൾ ചെയ്താൽ ഫിത്ന ഉണ്ടാക്കിയാൽ ശിക്ഷ കണ്ടെത്തുന്നതായിരിക്കും.

ഹുദൂർ അൻവർ പറഞ്ഞു:ജമാഅത്ത് നന്മകൾ ചെയ്യാനാണ് ശ്രമിക്കുന്നത്. ജമാഅത്ത് സമാധാനത്തിന്റെ പാഠമാണ് നല്കുന്നത്. അവർ നല്കുന്ന സന്ദേശം അല്ലാഹുവിന്റെ സന്ദേശമാണ്. ജമാഅത്ത് മനുഷ്യത്വത്തിന്റെ മൂല്യങ്ങൾ സ്ഥാപിക്കുന്നു. അതുകൊണ്ട് ജമാഅത്തിന്റെ സന്ദേശമനുസരിച്ച് നടക്കുക. നന്മകൾ ചെയ്യുക.

ഹുദൂർ അൻവർ പറഞ്ഞു:ഭൗതികമായ നിയമങ്ങൾപ്പോലെതന്നെ, തിന്മകൾ ചെയ്യുന്നവന് ശിക്ഷ ലഭിക്കുന്നു. ഈ നിയമംതന്നെയാണ് ദൈവത്തിന്റേതും;തിന്മകൾ ചെയ്യുന്നവന് ശിക്ഷകിട്ടുന്നു.

* ഒരു സ്ത്രീ ചോദിച്ചു:ഞാൻ അങ്ങയ്ക്ക് നന്ദി പറയാനാഗ്രഹിക്കുകയാണ്. നിങ്ങളുടെ എല്ലാ ഏർപാടുകളും വളരെ ചിട്ടയോടെ ഉള്ളതും ഉന്നതവുമായിരുന്നു. ഞാൻ ഹുദൂർ അൻവറിന്റെ സകല പ്രഭാഷണങ്ങളും കേട്ടു. കുട്ടികളും വലിയവരുമെല്ലാം ഈ പ്രഭാഷണങ്ങൾ കേൾക്കുകയാണെങ്കിൽ അവർക്ക് നല്ല ശിക്ഷണം ലഭിക്കുമെന്ന് പറയാൻ നിർബന്ധിതയാണ്. ഞാനന്റെ പൗത്രന്മാർക്കും പൗത്രിമാർക്കും വേണ്ടി ദുആയ്ക്ക് അപേക്ഷിക്കുകയാണ്. ആരെങ്കിലും ബൽഗേറിയായിലുണ്ടെങ്കിൽ അവരെ നോക്കുക, തർബിയ്യത്ത് കൊടുക്കുക;അവർ നഷ്ടപ്പെട്ടുപോകാതിരിക്കാൻ.

അപ്പോൾ ഹുദൂർ അൻവർ പറഞ്ഞു: ബൽഗേറിയായിലെ നിയമം അനുവദിക്കുന്നില്ല. ബൽഗേറിയൻ മുബല്ലിഗുമാർ തയ്യാറാക്കപ്പെടുമ്പോൾ അവർ അവിടെ പോകുന്നതായിരിക്കും. ഞങ്ങൾ ദുആ ചെയ്യുന്നു, നിങ്ങളും ദുആ ചെയ്യുക. മതപരമായ സ്വാതന്ത്ര്യം നല്കാൻ അല്ലാഹു സർക്കാരിന് തൗഫീഖ് നിലകുമാറാകട്ടെ. മുല്ലാമാരുടെ പിന്നാലെ നടക്കാതിരിക്കുക. പ്രത്യുത സത്യം സ്വീകരിക്കാൻ തുറന്ന അവസരം നല്കുക. സ്വാതന്ത്ര്യം നല്കുക.

സംഘത്തിലെ അംഗങ്ങൾ ഹുദൂറിന്റെ പ്രഭാഷണങ്ങളെ വളരെ പ്രശംസിച്ചു. ലോകം ഹുദൂറിന്റെ കാര്യങ്ങൾ കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയുമാണെങ്കിൽ നാശത്തിൽനിന്ന് രക്ഷപ്പെടുമെന്ന് അവർ പറയുന്നുണ്ടായിരുന്നു.

* Etem സാഹിബ് തന്റെ കുടുംബത്തോടൊപ്പമാണ് ജൽസയിൽ പങ്കെടുത്തത്. അദ്ദേഹം കുറച്ചു വർഷം മുമ്പേ ക്രിസ്തുമതത്തിൽനിന്ന് ഇസ്ലാം സ്വീകരിച്ചയാളാണ്. അഹ്മദിയാകുന്നതിനുമുമ്പേ ഏതോ ക്രിസ്ത്യൻ കക്ഷിയിലായിരുന്നു. അവിടെ വളരെ നല്ല ജോലിയുണ്ടായിരുന്നു. പക്ഷേ, അഹ്മദിയായതിനുശേഷം എല്ലാ സൗകര്യങ്ങളും ഉപേക്ഷിച്ച് അവിടെനിന്ന് വേർപെട്ടുപോന്നു.

(തുടരും)

**• കലാമുൽ ഇമാം: •**

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**• അല്ലാഹുവിന്റെ കലാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**


## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ    The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

badarmalayalam@gmail.com

POSTAL REG NO GDP-44/2023-2025 Vol-8 Thursday 31August 2023 Issue-35

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

**(പേജ് 1 ൽനിന്ന്)**

ശുദ്ധ ഖുർആനിന്റെ ഇച്ഛയ്ക്കു വിരുദ്ധമാണ്. നബി(സ)തിരുമേനി എപ്പോഴും രാത്രിയുടെ ആദ്യയാമത്തിൽ ഉറങ്ങുമായിരുന്നു. രാത്രിയുടെ അവസാന യാമത്തിൽ എഴുന്നേറ്റ് നമസ്കരിക്കുമായിരുന്നു.

ഈ ആയത്തിൽ അല്ലാഹു പറഞ്ഞത് ആരാധനനടത്താൻ അവസരം നല്കുക എന്നത് അല്ലാഹുവിന്റെ ഒരു ഔദാര്യമാണ്. എന്നാൽ, നമസ്കാരത്തെ ശിക്ഷയായി മനസ്സിലാക്കുന്നവരുടെമേൽ കഷ്ടമെന്നല്ലാതെ എന്തു പറയാനാണ്! നബി(സ)തിരുമേനി പറഞ്ഞു:നമസ്കാരം തന്റെ റബ്ബിന്റെ സിയാറത്താണ്. ആരാധ്യനെ സിയാറത്ത് ചെയ്യുക എന്നത് ഒരു സമ്മാനമാണ്. ബുദ്ധിമാനായ ഒരു മനുഷ്യനും തന്റെ റബ്ബിനെ സിയാറത്ത് ചെയ്യുന്നത് ശിക്ഷയായി മനസ്സിലാക്കുകയില്ല. നബി(സ)തിരുമേനി ആരാധനയുടെതേജോവിലാസം പറഞ്ഞത് കഅന്നക്ക തറാഹു വഇൻല്ലം തകുൻ തറാഹു ഫഇന്നഹു യറാക്ക എന്നാണ്.(മുസ്ലിം വാല്യം 1, കിതാബുൽഈമാൻ)അതായത് ശരിയായ നമസ്കാരം എന്നു പറയുന്നത് നീ അല്ലാഹുവിനെ കാണുക എന്നതാണ്. അല്ലെങ്കിൽ കുറഞ്ഞപക്ഷം നമസ്കാരത്തിന്റെ നേരത്ത് അല്ലാഹു തന്നെ കണ്ടുകൊണ്ടിരിക്കുന്നു എന്ന ദൃഢവിശ്വാസമുണ്ടാകണം. ഇത്ര വലിയ സമ്മാനത്തെ ശിക്ഷയായി മനസ്സിലാക്കുക എന്നത് വലിയഅക്രമമാണ്. നമസ്കാരം അല്ലാഹുവിന്റെ വലിയ സമ്മാനങ്ങളിൽപ്പെട്ടതാണ്. മനുഷ്യൻ ഒരു നമസ്കാരംതന്നെ ഉപേക്ഷിച്ചാലും അവനെ നമസ്കാരക്കാരനെന്നു പറയാൻ പറ്റില്ലെന്നതാണ് എന്റെ വിശ്വാസം. കാരണം കൽപന ഇഖാമത്തുസ്സ്വലാത്തിന്റേതാണ്. അതു സ്ഥിരത ആഗ്രഹിക്കുന്നു. ഒരു നമസ്കാരം ഉപേക്ഷിക്കപ്പെട്ടാലും സ്ഥിരത നിലനില്ക്കുന്നില്ല.

നാഫിലത്തൻല്ലക്കകൊണ്ട് ഇക്കാര്യമാണ് പ്രകടിപ്പിക്കപ്പെട്ടിട്ടുള്ളത്, യിബാദത്തിന് അവസരം നല്കുക എന്നത് നമ്മുടെ(അല്ലാഹുവിന്റെ) ഒരു ഔദാര്യമാണ്. അല്ലെങ്കിൽ തഹജ്ജുദ് നമസ്കാരം മുമ്പേയുള്ള പ്രവാചകന്മാർക്ക് അനിവാര്യമാക്കപ്പെട്ടിട്ടില്ലായിരിക്കാം. ഈ രീതിയിൽ അതിന്റെ അർഥം ഈ യിബാദത്തിന്റെ അവസരം നിനക്കുമാത്രമായിട്ടുള്ള സമ്മാനമാണെന്നാണ്.

മഖാമൻമ്മഹ്മൂദാ-മഖാമൻമ്മഹ്മൂദനിൽ വളരെ വലിയൊരു പ്രവചനം ചെയ്യപ്പെട്ടിരിക്കുന്നു. നബി(സ)തിരുമേനിയെ ചീത്തവിളിച്ചിട്ടുള്ളത്ര ചീത്ത ലോകത്ത് ഒരു മനുഷ്യനും വിളിക്കപ്പെട്ടിട്ടില്ല. കൊള്ളക്കാരൻ, ദുർവൃത്തൻ, തെമ്മാടി. ആജ്ഞാലംഘകരിൽ ആജ്ഞാലംഘകനെപോലും ഇന്നുവരെ നബി(സ)തിരുമേനിയെ വിളിച്ചിട്ടുള്ള ചീത്തവിളികളുടെ കോടിയിൽ ഒരു ഭാഗംപോലും ചീത്തവിളിക്കപ്പെട്ടിട്ടില്ല. മഖാമൻമ്മഹ്മൂദാ അതായത് മഖാമെ മഹ്മൂദ് പ്രദാനം ചെയ്തുകൊണ്ട് അല്ലാഹു ആ ചീത്തകൾക്ക് താൻതന്നെ പകരംനല്കി. പറഞ്ഞു:ഏതുപോലെ ശത്രു ചീത്ത പറയുന്നുവോ നാം മുഅ്മനീങ്ങളെക്കൊണ്ട് നിനക്കുവേണ്ടി സ്വലാത്ത് ചൊല്ലിക്കുന്നതായിരിക്കും. ഇപ്രകാരം അർശിൽനിന്ന് നാം തന്നെയും നിന്നെ പ്രശംസിക്കുന്നതായിരിക്കും. അതിന്നെതിരിൽ ശത്രുവിന്റെ ചീത്തവിളിക്ക് എന്തു പ്രസക്തിയാണുള്ളത്.

മഖാമെ മഹ്മൂദ് കൊണ്ട് മഖാമെ ശഫാഅത്തും ഉദ്ദേശ്യമാണ്. കാരണം ഹദീഥുകളിൽനിന്ന് സ്ഥാപിതമാകുന്നത് സകല ജനതയിലേയും ആളുകൾ എല്ലാ നബിമാരുടേയും അടുക്കൽപ്പോയി നിരാശരായി നബി(സ)തിരുമേനിയെക്കൊണ്ട് ശിപാർശ ചെയ്യിക്കാമെന്നുദ്ദേശ്യത്തോടെ വരുന്നതായിരിക്കും. ഇപ്രകാരം ഈ ലോകത്ത് ചീത്ത വിളിച്ച എല്ലാ ജനതകളുടേയും നാവുകൊണ്ട് നബി(സ)തിരുമേനിയോടു അനുകൂലമായ വിശ്വാസവും പ്രകടിപ്പിക്കുന്നതായിരിക്കും. ഇതൊരു അങ്ങേയറ്റം ഉന്നതമായ പദവിയുടെ മഖാമെ മഹ്മൂദാണ്.

മഖാമെ മഹ്മൂദു കൊണ്ടുള്ള ഉദ്ദേശ്യം എന്റെ പക്കൽ മഹ്ദിയുടെ വെളിപ്പെടലുമാണ്. കാരണം മുസ്ലിമീങ്ങൾ ഇസ്ലാമിൻനിന്ന് പിന്തിരിഞ്ഞുപോകുകയും അവിശ്വാസികളുടെ അവിശ്വാസം വർധിക്കുകയും ചെയ്യുമെന്ന് പറഞ്ഞ കാലത്തായിരിക്കും മഹ്ദിയുടെ വെളിപ്പെടലെന്ന് പറയപ്പെട്ടിരിക്കുന്നു. അത്തരം നേരത്ത് അല്ലാഹുവിന്റെ ഈ ഫൈൽവാന്റെ വെളിപ്പെടൽ അവരുടെ ചീത്തവിളി അവരെക്കൊണ്ട് പ്രശംസയാക്കിമാറ്റുക എന്നത് മഖാമെ മഹ്മൂദിന്റെതന്നെ ഒരു അത്ഭുത സംഭവമായിരിക്കും.

ഞാൻ ഇതേ സേവനത്തിൽ പങ്കെടുക്കുന്നതിന്, നബി(സ)തിരുമേനിയുടെ ജീവിതസംഭവങ്ങൾ വിവരിക്കുന്നതിനുവേണ്ടി വർഷത്തിൽ ഒരു ദിവസം നിശ്ചയിച്ചിരിക്കുകയാണ്. അതിൽ എല്ലാ മതങ്ങളിലേയും ജാതികളിലേയുമാളുകൾ, നബിയുടെ ചരിത്രം പഠിച്ചതുകൊണ്ട് അവരുടെ ഉള്ളിൽപ്പതിഞ്ഞ അഭിപ്രായങ്ങൾ വിവരിക്കുന്നതായിരിക്കും. അഖിമിസ്സ്വലാത്ത അൽആയത്തയ്ൻ(അഖിമിസ്സ്വലാത്തപ്രതിപാദിക്കുന്ന രണ്ടായത്തുകൾ(അഞ്ചുനേര നമസ്കാരത്തേയും തഹജ്ജുദ് നമസ്കാരത്തേയും കുറിച്ച് പറഞ്ഞതിനുശേഷം മഖാമെമഹ്മൂദിനെകുറിച്ച് പറഞ്ഞിരിക്കുന്നു. ഇതിൽ പറഞ്ഞിരിക്കുന്നത് ഏതൊരാളുടെ ശത്രുവാണോ അധികമാകുകയും ചീത്തപ്പറയുന്നവരുടെ എണ്ണം വർധിക്കുകയും ചെയ്യുന്നത് അവർക്കുള്ള ചികിത്സ അവരുമായി തർക്കിച്ചു നടക്കുക എന്നതല്ല. പ്രത്യുത അത്തരം നേരത്ത് അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുകയും ദൈവികസവിധത്തിൽ വിലപിക്കുകയും ചെയ്യുന്നതുതന്നെയാണ് ഈ ഫിത്നയെ അകറ്റുന്നത്. എന്നല്ല അല്ലാഹുവിലേക്ക് ഖേദിച്ചുമടങ്ങൾ ഒരുപാട് വർധിക്കുകയാണെങ്കിൽ ആക്ഷേപം പ്രശംസയിലേക്കും ചീത്തകൾ ദുആകളിലേക്കും മാറ്റപ്പെടുന്നതാണ്. നബി(സ)തിരുമേനിയിൽനിന്ന് അങ്ങനെതന്നെയാണുണ്ടായത്. അദ്ദേഹത്തെ ചീത്തവിളിച്ചിരുന്നവർ ഒരു ദിവസം സത്യസന്ധരായ പ്രേമികളായിത്തീർന്നു. അംറ് ബിൻ ആസ്വി, ഖാലിദ്, യിക്രിമ തുടങ്ങിയവർ പുരുഷന്മാരിൽനിന്നും ഹിന്ദ സ്ത്രീകളിൽ ഒരുഗ്രൻ ഉദാഹരണവുമാകുന്നു. ഇവരെ അവിടത്തെ ദുആ തന്നെയാണ് വലിച്ചുകൊണ്ടുവന്നത്. ഇല്ലെങ്കിൽ എത്രമാത്രം ശത്രുതയാണോ അവരുടെ മനസ്സിലുണ്ടായിരുന്നത് അതകറ്റുക എന്നത് മനുഷ്യനെക്കൊണ്ടാകുന്നതായിരുന്നില്ല.

നബി(സ)തിരുമേനിയുടെ ജീവിതത്തിൽ(നഊദുബില്ലാഹ് മിൻ ദാലിക്)എന്തോ പോരായ്മയുണ്ടായിരുന്നതുകൊണ്ടാണ് നബിയെ ഇത്രമാത്രം ചീത്തവിളിച്ചതെന്ന് മനസ്സിലാകുന്നുവെന്ന് അജ്ഞരായ ചിലർ പറയാറുണ്ട്. ഇങ്ങനെയൊരു കാര്യമില്ലെന്നാണ് ഞാൻ പറയുന്നത്. നബി(സ)തിരുമേനിയെചീത്തവിളിച്ചത് എന്തെങ്കിലും ന്യൂനത ഉള്ളതുകൊണ്ടല്ല. പ്രത്യുത ഹുദൂർ(സ)ന്റെ സവിശേഷഗുണങ്ങൾ കാരണത്താലാണ് ചീത്തവിളിച്ചത്. ലോകത്തുവന്ന മറ്റൊരു പ്രവാചകനേയും സർവ മനുഷ്യർക്കും മാതൃകയാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ ഒരു നബിയുടേയും സമ്പൂർണമായ ജീവചരിത്രം സുരക്ഷിതമാക്കപ്പെട്ടിട്ടുമില്ല. ലോകത്തുവന്ന മതമാർഗദർശികളിൽ ആരുടെയെങ്കിലും ജീവിതചരിത്രം വിശദമായി നിലവിലുണ്ടെങ്കിൽ അത് നബി(സ)തിരുമേനിയുടേതു മാത്രമാണ്. അവിടത്തെ ജീവിതത്തിന്റെ ഓരോ സംഭവവും ചരിത്രത്തിലുണ്ട്. അവിടത്തെ ഭക്ഷണം, അവിടത്തെ പാനീയം, അവിടത്തെ നടത്തം, സംസാരം, ഇരുത്തം തുടങ്ങി എല്ലാ അനക്കമടക്കങ്ങളും സുരക്ഷിതമാക്കപ്പെട്ടിരിക്കുന്നു. അതായത് ഏതുരീതിയിൽ ഏതെങ്കിലും ആളിനെക്കുറിച്ച് പരിശോധിക്കുന്നുവോ അതേ രീതിയിൽ അല്ലാഹു ഹുദൂറിന്റെ(സ)കർമങ്ങളും ചിന്താഗതികളും ഒന്നിച്ചാക്കി ലോകത്തിന്റെ മുമ്പിൽ സമർപിച്ചിരിക്കുകയാണ. ഇതൊക്കെ ഉണ്ടായിട്ടും അവിടത്തെ ശത്രുക്കളുടെ മുമ്പിൽ, മൈതാനത്ത് ഉറച്ചു നില്ക്കുകയും ബുദ്ധിപരമായി പ്രവർത്തിക്കുന്നവരുടെ ദൃഷ്ടിയിൽ ആദരവ് നേടുകയും ചെയ്യുക എന്നത് നിസ്സാരമായ മുഅ്ജിസത്ത് അഥവാ ദിവ്യാത്ഭുതമല്ല. ഈ ആദരവ് മുഴുവൻ പരീക്ഷണങ്ങൾക്കുംശേഷം കരസ്ഥമായിട്ടുള്ളതാണെങ്കിൽ മഖാമെമഹ്മൂദ് (സ്തുത്യർഹമായ സ്ഥാനം)എന്ന് പറയപ്പെടാവതല്ലെങ്കിൽപ്പിന്നെ മറ്റൊരു ആദരവും മഖാമെ മഹ്മൂദ് എന്ന് പറയപ്പെടാവുന്നതല്ല. സത്യമെന്താണെന്നാൽ അവിടത്തെ ജീവിതത്തിലെ ഒരു ദിവസത്തെ സംഭവങ്ങൾക്കു തുല്യമായിപ്പോലും മറ്റു നബിമാരുടെ ആയുസ്സുമുഴുവനുമുള്ള സംഭവങ്ങൾ സുരക്ഷിതമായിട്ടില്ല. അതുകൊണ്ട് അത്തരം മറഞ്ഞിരിക്കുന്ന അസ്തിത്വങ്ങളുടെ ജീവിതത്തെകുറിച്ച് ആരെങ്കിലും ആക്ഷേപം ഉന്നയിച്ചാലെന്തു ചെയ്യാനാണ്? അതുകൊണ്ട് ഏതെങ്കിലും ജനതയിലെ നബിയുടെമേൽ, ഇത്രമാത്രം ആക്ഷേപം ഉണ്ടായിട്ടില്ലെന്ന് കരുതി സന്തോഷിക്കുന്നത് ഉചിതമായ സന്തോഷമല്ല.

എന്റെ അഭിപ്രായത്തിൽ നബി(സ)തിരുമേനിക്കുവേണ്ടി വിവിധയിടങ്ങളിൽ മഹ്മൂദ നിശ്ചയിച്ചിട്ടുള്ളതിൽവെച്ച്, ഈ ആയത്തിറങ്ങിയതിനുശേഷം ആ മഹാത്മാവിനുകിട്ടിയ ഏറ്റവും ആദ്യത്തെ മഖാമെ മഹ്മുദ് മദീന മുനവ്വറയായിരുന്നു. അവിടുത്തെ ജീവിതംകൊണ്ട് ആ ദിവ്യാത്മാവിന്റെ സ്തുതിയും പ്രശംസയും ലോകത്ത് പരന്നു. രേഖപ്പെടുത്തപ്പെട്ട ആയത്തിലുള്ള ദുആ അതിലേക്കാണ് സൂചന നല്കുന്നത്.

(തഫ്സീറെ കബീർ, വാല്യം 4, പേജ് 374, പ്രസാധനം 2010 ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin